2023
APRIL
06
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## സ്ത്രീ ശാക്തീകരണം: ഇന്ത്യ മാതൃക തീർക്കും

**തിരുവനന്തപുരം:** സ്ത്രീകളുടെ ജീവിതപ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ ഇന്ത്യ ലോകത്തിനു മാതൃകയായി മുന്നേറുകയാണെന്ന് കേന്ദ്ര വനിതാ ശിശുവികസന വകുപ്പ് സെക്രട്ടറി ഇന്ദീവർ പാണ്ഡെ പറഞ്ഞു. സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടക്കുന്ന രണ്ടാമതു ജി20 എംപവർ യോഗത്തിന്റെ ഭാഗമായി മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ത്രീകൾക്കിടയിൽ ആർത്തവ ശുചിത്വം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഫാർമസികൾ (ജൻ ഔഷധി കേന്ദ്രങ്ങൾ) വഴി 310 ദശലക്ഷം ഓക്സോബയോഡീഗ്രേഡബിൾ സാനിറ്ററി ഉൽപ്പന്നങ്ങൾ ഒരു രൂപയ്ക്കു വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായി സ്ത്രീകളുടെ എണ്ണത്തിലുണ്ടായ വർധന മികച്ച സൂചകമാണ്. സ്ത്രീകളുടെ സംരംഭകത്വം, നേതൃശേഷി, സാമ്പത്തിക സഹായങ്ങൾ എന്നീ വിഷയങ്ങളിൽ ഗൗരവമേറിയ ചർച്ചകളാണ് സെഷനുകളിൽ നടക്കുന്നത്.ശാസ്ത്രവിഷയങ്ങളിൽ ഇന്ത്യയിലെ ബിരുദധാരികളിൽ 43 ശതമാനം സ്ത്രീകളാണെന്ന് ജി 20 എംപവർ അധ്യക്ഷ ഡോ. സംഗീത റെഡ്ഡി പറഞ്ഞു. ലോകത്തിലെ ഏറ്റവും മികച്ച കമ്മ്യൂണിറ്റി പ്രോഗ്രാമുകളിലൊന്നാണ് ഇന്ത്യയിലുള്ളത്. ഏകദേശം നാലു ലക്ഷം സ്വയംസഹായ അംഗങ്ങൾ പരിശീലനം നേടിയ കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരായുണ്ട്. ആവശ്യമായ മാർഗനിർദേശങ്ങൾ വനിതാ പ്രൊഫഷണലുകൾക്കും സംരംഭകർക്കും നൽകാൻ കഴിയണ്ടതുണ്ട്. 121 ഭാഷകളിൽ ലഭ്യമാകുന്ന ഡിജിറ്റൽ ഇൻക്ലൂഷൻ ഫ്ളൂവൻസി പ്ലാറ്റ്ഫോം ലോകമെമ്പാടുമുള്ള സ്ത്രീകൾക്കുള്ള ഇന്ത്യയുടെ സമ്മാനമാണെന്നും ഡോ. റെഡ്ഡി പറഞ്ഞു. സമ്പദ് വ്യവസ്ഥയിലും പരമ്പരാഗത സംരംഭങ്ങളിലും സ്ത്രീകളുടെ സ്വാധീനം ഉയർത്തിക്കാട്ടുന്ന രീതിയിലാണ് ജി 20 കൂട്ടായ്മയിലെ സെഷനുകൾ ഇന്ത്യ സംഘടിപ്പിക്കുന്നത്.

# കുതിച്ചുയർന്ന് സ്വർണ്ണവില



**കൊച്ചി:** സ്വർണ്ണവില വീണ്ടും കുതിച്ചുയർന്നു.ചരിത്രത്തിലാദ്യമായി സംസ്ഥാനത്ത് ഒരു പവൻ സ്വർണ്ണത്തിന് 45,000 രൂപയായി വില ഉയർന്നു.രാജ്യാന്തര വിപണിയിൽ സ്വർണ്ണവിലയിലുണ്ടായ വർധനവാണ് സംസ്ഥാനത്ത് കുത്തനെ വില വർധിക്കാൻ കാരണമെന്നാണ് സ്വർണ്ണവ്യാപാരികൾ പറയുന്നത്.ഈ മാസം തുടക്കത്തിൽ 44,000 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിനുണ്ടായിരുന്നത്.പിന്നീട് അത് 43,760 രൂപയായി കുറഞ്ഞുവെങ്കിലും ഏപ്രിൽ നാലു മുതൽ വീണ്ടും വില വർധിക്കാൻ തുടങ്ങി.കഴിഞ്ഞ രണ്ടു ദിവസം കൊണ്ടമാത്രം 1240 രുപയുടെ വർധനവാണ് ഉണ്ടായത്.480 രൂപയുടെ വർധനവാണ് ചൊവ്വാഴ്ചയുണ്ടായത്.ഇന്നലെ 760 രൂപയുടെ വർധനവാണ് രേഖപ്പെടുത്തിയത്.വരും ദിവസങ്ങളിൽ രാജ്യാന്തര തലത്തിൽ വീണ്ടും സ്വർണ വില കുതിക്കുമെന്നാണ് സൂചന. അങ്ങനെയെങ്കിൽ സംസ്ഥാനത്തും വീണ്ടും വില ഉയരുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.സ്വർണത്തിനൊപ്പം വെള്ളിയുടെ വിലയും ഉയരുന്നുണ്ട്.ഇന്നലെ രണ്ടു രൂപയുടെ വർധനവുണ്ടായി.ഇതോടെ ഒരു ഗ്രാം സാധാരണ വെള്ളിയുടെ വില 80 രൂപയായി. 2007ൽ പവന് പതിനായിരം രൂപയുണ്ടായിരുന്ന സ്വർണത്തിനാണ് ഇന്ന് നാൾക്കുനാൾ വില വർധനയുണ്ടാകുന്നത്. സ്വർണത്തിൽ നിക്ഷേപിച്ചാൽ നഷ്ടമുണ്ടാകില്ലെന്ന വിശ്വാസം ജനങ്ങൾക്കിടയിൽ ശക്തമാണെങ്കിലും ആഭരണവ്യപാരത്തിൽ കുറവുണ്ടായതായാണ് വ്യപാരികൾ പറയുന്നത്. പവന് 42000രൂപ കടന്നതോടെ സാധാരണക്കാരന് വാങ്ങാൻ കഴിയാത്തതരത്തിലേക്ക് സ്വർണം മാറുകയായിരുന്നു. വില കൂടിയിട്ടും പഴയ സ്വർണം വിൽക്കാനെത്തുന്നവർ വിരളമാണെന്നതും ഈ ന്യായത്തിന് തെളിവായി വ്യാപാരികൾ ചൂണ്ടിക്കാട്ടുന്നു. എന്നാൽ മധ്യവർഗത്തിന് മുകളിലുള്ളവർ ഇനിയും മികച്ചവിലയിലേക്ക് സ്വർണം കുതിക്കുമെന്ന കണക്കുകൂട്ടലിൽ കയ്യിലുള്ള സ്വർണം കരുതിവച്ചിട്ടുണ്ടെന്നാണ് സ്വർണ വ്യാപാരികളുടെ വിലയിരുത്തൽ.

# വാണിജ്യബാങ്കുകൾ കേരളത്തെ പിന്തുണക്കണമെന്ന് മുഖ്യമന്ത്രി

### സംസ്ഥാനത്തിന്റെ വായ്പാനിക്ഷേപ അനുപാതം ഇനിയും വർധിക്കേണ്ടതുണ്ട്

**തിരുവനന്തപുരം:**നിക്ഷേപ സൗഹൃദമായി മുന്നോട്ടു കുതിക്കുന്ന കേരളത്തെ വാണിജ്യബാങ്കുകൾ പിന്തുണക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് നിലവിൽ മികച്ച നിക്ഷേപസൗഹൃദ അന്തരീക്ഷമാണുള്ളത്. അനാവശ്യ ചുവപ്പുനാടയിൽ കുരുങ്ങി ഒരു സംരംഭകത്വവും പരാജയപ്പെടുന്നത് സർക്കാർ അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. പുതിയ സാമ്പത്തികവർഷത്തെ പ്രഥമ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) യോഗം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.സംസ്ഥാനത്തിന്റെ വായ്പാനിക്ഷേപ അനുപാതം ഇനിയും വർധിക്കേണ്ടതുണ്ട്. നിലവിൽ 64 ശതമാനമാണ് വായ്പാനിക്ഷേപ അനുപാതം. ഇത് ഇതര സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കുറവാണ്. കശുവണ്ടി മേഖലയിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പ്രയോജനം ബാങ്കുകൾ ലഭ്യമാക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. കോവിഡ് കാലത്ത് മുടങ്ങിയ വായ്പകളും ഒറ്റത്തവണ തീർപ്പാക്കുന്നത് പരിഗണിക്കണം.കാർഷിക മേഖലയിൽ കൈവരിച്ച വളർച്ച സ്ഥായിയായി നിലനിർത്തുന്നതിൽ സഹകരണ ബാങ്കുകൾക്കൊപ്പം വാണിജ്യ ബാങ്കുകൾക്കും പ്രധാന പങ്കുണ്ട്. എം.എസ്.എം.ഇ മേഖലയിലും ബാങ്കുകൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ദേശീയ ശരാശരിയേക്കാൾ ഉയർന്ന സാമ്പത്തിക വളർച്ച കൈവരിച്ച കേരളത്തിന് പ്രതിശീർഷ വരുമാനത്തിൽ സംസ്ഥാനങ്ങളുടെ ഇടയിൽ നാലാം സ്ഥാനം കൈവരിക്കാൻ സാധിച്ചു. സംരംഭകത്വ വർഷമായി ആചരിച്ച 2022 ൽ രണ്ട് ലക്ഷത്തിൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 202122 ൽ കാർഷിക മേഖല 4.6 ശതമാനം വളർച്ച രേഖപ്പെടുത്തി. കാർഷിക, ഉൽപ്പാദന മേഖലകൾ മെച്ചപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.ഈ സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ വായ്പാനിക്ഷേപ അനുപാതം 75 ശതമാനം കൈവരിക്കണമെന്ന് അധ്യക്ഷ പ്രസംഗത്തിൽ ചീഫ് സെക്രട്ടറി ഡോ വി.പി ജോയി നിർദ്ദേശിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ സംബന്ധിച്ച് നല്ലതായിരുന്നെന്നും കാർഷിക, എം.എസ്.എം.ഇ രംഗങ്ങളിൽ കുതിച്ചുചാട്ടം നടത്തിയതായും അദ്ദേഹം അഭിപ്രായപ്പെട്ടു.കനറ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ഹർദീപ് സിംഗ് അലുവാലിയ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റീജ്യനൽ ഡയറക്ടർ തോമസ് മാത്യു, എസ്.എൽ.ബി.സി കേരള കൺവീനർ എസ് പ്രേംകുമാർ തുടങ്ങിയവർ സംസാരിച്ചു.





### കുടുംബശ്രീ ലോഗോ, ടാഗ് ലൈൻ ഒരുക്കാൻ അവസരം

കുടുംബശ്രീയുടെ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നിലവിലുള്ള ലോഗോ പരിഷ്ക്കരിക്കുന്നതിനും ടാഗ് ലൈൻ തയ്യാറാക്കുന്നതിനും മത്സരം സംഘടിപ്പിക്കുന്നു. കുടുംബശ്രീ അംഗങ്ങൾക്കും പൊതു ജനങ്ങൾക്കും പങ്കെടുക്കാം. ലോഗോക്കും ടാഗ്ലൈനും 10,000 രൂപ വീതമാണ് സമ്മാനം. ഇംഗ്ലീഷിലോ മലയാളത്തിലോ തയ്യാറാക്കാം. സുസ്ഥിര വികസനം സ്ത്രീ സമൂഹത്തിലൂടെ, നൂതന തൊഴിൽ സാധ്യതകൾ എന്നിങ്ങനെ കുടുംബശ്രീയുടെ വളർച്ചയും വികാസവും വ്യക്തമാക്കുന്നതാകണം സൃഷ്ടികൾ. എൻട്രികൾ ഏപ്രിൽ 15നകം എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ, ട്രിഡ ബിൽഡിങ്ങ്, മെഡിക്കൽ കോളേജ് പിഒ, തിരുവനന്തപുരം 695 011 എന്ന വിലാസത്തിൽ ലഭിക്കണം. വെബ്സൈറ്റ്: www.kudumbashree.org/logo.

# ഗണിതം പദ്ധതി മാതൃകാപരമെന്ന് മന്ത്രി ബിന്ദു

**തിരുവനന്തപുരം:** സ്കൂളുകളിൽ നാഷണൽ സർവീസ് സ്കീമിൻറെ ആഭിമുഖ്യത്തിൽ കോളജ് വിദ്യാർഥികളെ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്ട് ഗണിതം പദ്ധതി മാതൃകാപരമെന്ന് മന്ത്രി ഡോ. ആർ.ബിന്ദു.നാലാഞ്ചിറ മാർ ബസേലിയോസ് എൻജിനിയറിംഗ് കോളജിൽ ഇൻസൈറ്റ് ഫോർ ഇന്നവോഷൻ സിനർജിയിൽ പങ്കാളികളായ നാഷണൽ സർവീസ് സ്കീം വോളൻറിയർമാരെ ആദരിപ്പിക്കാൻ സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഗണിതത്തോടുള്ള അകാരണമായ ഭീതി ഒഴിവാക്കാൻ പദ്ധതിക്കുകഴിഞ്ഞതായി ആശംസാ പ്രസംഗത്തിൽ മന്ത്രി എം.ബി.രാജേഷ് പറഞ്ഞു.

പ്രമോദ് നാരായണൻ എംഎൽഎ അധ്യക്ഷത വഹിച്ചു.

സംസ്ഥാന എൻഎസ്എസ് ഓഫീസർ ഡോ. ആർ.എൻ. ആൻസർ, മാർ ബസേലിയോസ് കോളജ് ഓഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജി ബർസാർ ഫാ. ജോൺ വർഗീസ്, പ്രിൻസിപ്പൽ ഡോ. ഏബ്രഹാം ടി. മാത്യു, ഡിആർഐ ഡെപ്യൂട്ടി ഡയറക്ടർ എം. ഷിറാജ്, പ്രോഗ്രാം കോഓർഡിനേറ്റർ ഡോ.വി.എം.ജോയ് വർഗീസ്, ലക്ഷ്മി സരളകുമാരി, ബ്രഹ്മനായകം മഹാദേവൻ, ഇൻസൈറ്റ് ഫോർ ഇന്നവേഷൻ സിഇഒ ഹേമ ഗോപാലകൃഷ്ണൻ,പി.എ. റയ്ഹാന ആലം തുടങ്ങിയവർ പ്രസംഗിച്ചു.

എൽബിഎസ്, കൊച്ചി സെൻറ് തെരേസാസ്, തിരുവനന്തപുരം ബാർട്ടൺ ഹിൽ എൻജിനിയറിംഗ് കോളജ് എന്നിവയ്ക്ക് ഗോൾഡ് ലെവൽ സമ്മാനങ്ങളും മാർ ഈവാനിയോസ് കോളജ്, പാപ്പനംകോട് എസ്സിടി, ഓൾസെയിൻറ്സ്, ചെന്പഴന്തി എസ്എൻ കോളജ്, വിഴിഞ്ഞം ക്രൈസ്റ്റ് കോളജ്, കാക്കനാട് രാജഗിരി കോളജ് എന്നിവയ്ക്ക് സിൽവർ ലെവൽ പുരസ്കാരങ്ങളും മന്ത്രി ഡോ.ആർ ബിന്ദു സമ്മാനിച്ചു.

# പദ്ധതി തുക ചെലവിട്ടതിൽ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന് സംസ്ഥാനത്ത് ഒന്നാംസ്ഥാനം




**നീലേശ്വരം:** കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച മുഴുവൻ വികസന ഫണ്ടും ധനകാര്യ കമ്മിഷൻ, മെയിന്റനൻസ് ഗ്രാന്റുകളും ചെലവഴിച്ച നീലേശ്വരം ബ്ലോക്കിന് പദ്ധതി തുക ചെലവിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം.തൊഴിലുറപ്പു പദ്ധതിയിലെ മികച്ച പ്രവർത്തനത്തിന് സംസ്ഥാനതലത്തിൽ മഹാത്മ പുരസ്കാരം നേടിയതിന്റെ മധുരം മായുംമുൻപാണ് മികച്ച മറ്റൊരു നേട്ടം കൂടി ബ്ലോക്ക് പഞ്ചായത്തു സ്വന്തമാക്കിയത്. സമൂഹത്തിന്റെ നാനാ തുറകളിലേക്കെത്തുന്ന നൂതന പദ്ധതികളാണു നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്.

ആത്മഹത്യാ പ്രതിരോധ ക്ലിനിക്, ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം, ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലും ചെറുവത്തൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും സോളർ പ്ലാന്റ് സ്ഥാപിക്കൽ, ഹയർ സെക്കൻഡറി സ്കൂളുകളിൽ ഷീപാഡ്, മുരിങ്ങയില ടീബാഗ്, തുളസിയില ടീബാഗ് നിർമാണ യൂണിറ്റുകൾ തുടങ്ങിയവ ഇവയിൽ ചിലതാണ്.

ആരോഗ്യമേഖലയിൽ, സഞ്ചരിക്കുന്ന ആതുരാലയം, ചെറുവത്തൂർ സിഎച്ച്സി, തൃക്കരിപ്പൂർ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ രാത്രികാല ഡോക്ടർമാരുടെ സേവനം, വാട്ടർ എടിഎം, ബ്ലോക്കുതല ഫിസിയോ തെറപ്പി സെന്റർ, തൃക്കരിപ്പൂർ താലൂക്കാശുപത്രിയിൽ മൂന്നു ഷിഫ്റ്റുകളിലായി 42 പേർക്കു നൽകുന്ന ഡയാലിസിസ് സംവിധാനം തുടങ്ങിയവ നടപ്പിലാക്കി.

ആരോഗ്യ മേഖലയിലെ മികവാർന്ന പ്രവർത്തനത്തിനു കഴിഞ്ഞവർഷം സംസ്ഥാന തലത്തിൽ ആർദ്ര കേരളം പുരസ്കാരവും ബ്ലോക്ക് പഞ്ചായത്തിനെ തേടിയെത്തി. അഭ്യസ്തവിദ്യരായ പട്ടികജാതി വിദ്യാർഥികൾക്ക് നെറ്റ്സെറ്റ് പരിശീലനം, യുവജനങ്ങളുടെ ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ, സ്വയം തൊഴിൽ പരിശീലനവും തൊഴിൽ ഉപകരണങ്ങളുടെ വിതരണവും പോലുള്ള പദ്ധതികൾ യുവജനക്ഷേമത്തിനും തൊഴിൽ മേഖലയിലും നടത്തിയ പ്രവർത്തനങ്ങളാണ്.

11 ദിവസങ്ങളിലായി ബ്ലോക്ക് പഞ്ചായത്ത് നടത്തിയ കാർഷിക മേള ഏറെ ജനശ്രദ്ധയാകർഷിച്ചിരുന്നു.

ബ്ലോക്കുതല സംരംഭക മേള, പടുവളത്ത് ആരംഭിക്കുന്ന ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം, വനിതാ വിപണന കേന്ദ്രം, വിവിധ കുടിവെള്ള പദ്ധതികൾ, കമ്മ്യൂണിറ്റി ഹാൾ നിർമാണം, നവീകരിച്ച കുളങ്ങൾ, ശുചിത്വ സമുച്ചയങ്ങൾ എന്നീ പ്രവർത്തനങ്ങളും ശ്രദ്ധിക്കപ്പെട്ടു.

ലൈഫ് ഭവന പദ്ധതിയിൽ 1.54 കോടി രൂപ, കാർഷിക മേഖലയിൽ 42 ലക്ഷം, ക്ഷീരവികസന മേഖലയിൽ 35 ലക്ഷം, കുടിവെള്ള മേഖലയിൽ 54 ലക്ഷം, ശുചിത്വ മേഖലയിൽ 53 ലക്ഷം, പട്ടികജാതി മേഖലയിൽ 75 ലക്ഷം രൂപ എന്നിങ്ങനെയും ചെലവഴിച്ചു.

# മഞ്ചേരി മെഡിക്കൽ കോളജിലെ അസൗകര്യങ്ങൾ: ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് തേടി

**മഞ്ചേരി:** മെഡിക്കൽ കോളജിന്റെ അസൗകര്യങ്ങൾ സംബന്ധിച്ചുള്ള വിദ്യാർഥികളുടെ പരാതിയിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് (ഡിഎംഇ) കണ്ണുതുറന്നു. കോളജിന്റെ നിലവിലെ അസൗകര്യങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ടു. കോളജിന്റെ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ! വിദ്യാർഥി യൂണിയൻ 17 മുതൽ സമരത്തിന് നീക്കം നടത്തുന്നതിനിടെയാണ് ഡിഎംഇയുടെ ഇടപെടൽ. വിദ്യാർഥികളുടെ പരാതിയിൽ ഉന്നയിക്കുന്ന പോരായ്മകൾ സംബന്ധിച്ച് അനുകൂല റിപ്പോർട്ട് ആണ് കോളജ് ഡിഎംഇക്ക് സമർപ്പിച്ചത്.



അധ്യാപകരുടെ കുറവ്, ഹോസ്റ്റൽ അസൗകര്യം, ക്ലാസ് മുറികളുടെ ചോർച്ച, ശുചീകരണ ജീവനക്കാരുടെ കുറവ് തുടങ്ങിയവ സംബന്ധിച്ച പരാതികളാണ് വിദ്യാർഥികൾ ഉന്നയിച്ചത്.

കോളജിനു സ്വന്തമായി മൈതാനവും ഓഡിറ്റോറിയവും ഇല്ല. ഓഡിറ്റോറിയത്തിന്റെ പണി മുടങ്ങിക്കിടക്കുകയാണ്. ഒപി ബ്ലോക്ക് ഉൾപ്പെടെ നേരത്തേ ടെൻഡർ ആയ ചില പണികൾ തുടങ്ങിയിട്ടില്ല.

ഫിസിക്കൽ എജ്യുക്കേഷൻ വിഭാഗം ഇല്ല. സൂപ്പർ സ്പെഷ്യൽറ്റി ചികിത്സ സൗകര്യം ഇല്ലാത്തത് രോഗികളെ വലയ്ക്കുന്നു. ന്യൂറോളജി, നെഫ്രോളജി വിഭാഗം ഡോക്ടർമാർ ഉണ്ടെങ്കിലും സ്പെഷ്യൽറ്റി ഇല്ലാത്തതിനാൽ ജനറൽ മെഡിസിൻ വിഭാഗത്തിലാണ് സേവനം.

ആശുപത്രി വികസന സമിതി കൂടിയിട്ടു മാസങ്ങളായി. 5 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ ഫണ്ട് അനുവദിച്ചെങ്കിലും തുടർ നടപടികൾ വൈകുന്നു.

മലപ്പുറത്ത് പത്രസമ്മേളനം നടത്തിയാണ് കോളജിന്റെ അസൗകര്യങ്ങൾ വിദ്യാർഥികൾ നിരത്തിയത്.



# മികച്ച വരുമാനത്തിന് ടർക്കി വളർത്താം



കൊളസ്ട്രോളിനെ പേടിക്കുന്നവർക്ക് ധൈര്യപൂർവം ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ കഴിയുന്ന മാംസമാണ് ടർക്കിക്കോഴിയുടേത്. കുറഞ്ഞ നാളുകൾക്കൊണ്ട് വലിയ ചെലവില്ലാതെ വളർത്താൻ കഴിയുന്നവയാണിവ. വീട്ടുമുറ്റത്ത് അഴിച്ചുവിട്ടോ അതല്ലെങ്കിൽ ഷെഡ്ഡിലോ അനായാസം ഇവയെ വളർത്താൻകഴിയും. ഏറെ പോഷകഗുണങ്ങളുള്ള മാംസമാണെങ്കിലും കേരളത്തിൽ ടർക്കി ഇറച്ചിക്ക് അധികം പ്രാധാന്യം ലഭിച്ചിട്ടില്ല. ലഭ്യതക്കുറവുതന്നെ ഇതിനു പ്രധാന കാരണം. അഴകും വലുപ്പവും മയിൽ പോലെ വിരിഞ്ഞുനിൽക്കുന്നതുമെല്ലാം ടർക്കികളുടെ പ്രത്യേകതയാണ്. അതുകൊണ്ടുതന്നെ വീട്ടിൽ അലങ്കാരത്തിന് വളർത്തുന്നവർ ഏറെയുണ്ടെങ്കിലും വാണിജ്യ കൃഷിയിലേക്ക് കടന്നുവന്നിട്ടുള്ളവർ വളരെ ചുരുക്കം. മാംസത്തിന് ഡിമാൻഡ് ഏറെയുണ്ടെങ്കിലും സ്ഥിരതയോടെയുള്ള ലഭ്യതക്കുറവ് ബുദ്ധിമുട്ടാണ്.

ചെറുകിട വളർത്തലുകാർ ഏറെയുണ്ടെങ്കിലും കേരളത്തിൽ പ്രധാനമായും ടർക്കിക്കുഞ്ഞുങ്ങളുടെ ഉൽപാദനം നടക്കുന്നത് കൊല്ലം കുരീപ്പുഴ സർക്കാർ ടർക്കി ഫാമിലാണ്. ഏഷ്യയിലേതന്നെ ഏറ്റവും മികച്ച ടർക്കിഫാമായ ഇവിടെ ആഴ്ചയിൽ 500 കുഞ്ഞുങ്ങൾ വീതം വിതരണത്തിനു തയാറാകുന്നു. മുൻകൂട്ടി ബുക്ക് ചെയ്യുന്നതനുസരിച്ചാണ് വിതരണം.

ഒരു ദിവസം പ്രായമുള്ള കുഞ്ഞുങ്ങളാണ് പ്രധാനമായും ഹാച്ചറിയിൽനിന്ന് വിതരണം ചെയ്യുക. ഈ കുഞ്ഞുങ്ങൾക്ക് ആദ്യ പത്തു ദിവസം ബ്രൂഡിങ് നൽകണം. ഒരു കുഞ്ഞിന് ഒരു വാട്ട് എന്ന രീതിയിൽ വേണം ബൾബ് ക്രമീകരിക്കേണ്ടത്. ആദ്യ പത്തു ദിവസം പ്രീ സ്റ്റാർട്ടറും തുടർന്ന് 30 ദിവസം വരെ സ്റ്റാർട്ടർ തീറ്റയും അതിനുശേഷം 60 ദിവസം വരെ ഫിനിഷർ തീറ്റയും നൽകാം. 5 ദിവസം മുതൽ 3035 ദിവസം വരെ 5 കുഞ്ഞുങ്ങൾക്ക് ഒരു മുട്ടയും (പുഴുങ്ങിയത്) ഒരു സവാളയും എന്ന രീതിയിൽ ചെറുതായി അരിഞ്ഞു നൽകുന്നത് കുഞ്ഞുങ്ങളുടെ ആരോഗ്യവും രോഗപ്രതിരോധശേഷിയും വർധിപ്പിക്കും.

2 മാസം പ്രായം മുതൽ തീറ്റയിൽ മാറ്റംവരുത്താം. പുല്ല് ഏറെ ഇഷ്ടപ്പെടുന്ന പക്ഷിയായതിനാൽ ഭക്ഷണത്തിൽ ധാരാളം പുല്ല് ഉൾപ്പെടുത്താം. ഭക്ഷണത്തിൽ 30 ശതമാനം അസോളയും 30 ശതമാനം ചോറും 20 ശതമാനം പുല്ലും 20 ശതമാനം സാന്ദ്രിത തീറ്റയും (ഫിനിഷർ) നൽകിയാൽ സമീകൃതാഹാരമായി. ശരീരവലുപ്പത്തിന് അനുസരിച്ച് തീറ്റ എടുക്കില്ല എന്നതിനാൽ തീറ്റച്ചെലവ് അധികം വരില്ല. അതുകൊണ്ടുതന്നെ ശരാശരി 3 രൂപയിൽ തീറ്റച്ചെലവ് പിടിച്ചുനിർത്താൻ കഴിയും.

ശരാശരി എട്ടു മാസംകൊണ്ട് ടർക്കിക്കോഴികളെ വളർച്ചയിലേക്ക് എത്തിക്കാൻ കഴിയും. ആൺ ടർക്കികൾക്ക് മികച്ച വളർച്ച ലഭിക്കുമ്പോൾ പകുതി മാത്രമായിരിക്കും പെൺപക്ഷികളുടെ വളർച്ച. അതുകൊണ്ടുതന്നെ വലിയൊരു കൂട്ടമെടുത്താൽ 8 കിലോയോളം ശരാശരി തൂക്കം ലഭിക്കും. ഇതിൽനിന്ന് 5 കിലോ ഇറച്ചിയും ലഭിക്കും. വിപണിയിൽ 350400 രൂപ ചില്ലറവിലയുണ്ട് ടർക്കി മാംസത്തിന്. അതുകൊണ്ടുതന്നെ വിപണി കണ്ടെത്താനായാൽ നേട്ടമുറപ്പ്. ഒരു കുഞ്ഞിനെ 8 മാസം വളർത്തി വലുതാക്കുന്നതിന് ശരാശരി 900 രൂപ ചെലവ് വരും. അപ്പോൾ നേട്ടം കണക്കുകൂട്ടാവുന്നതല്ലേയുള്ളൂ... കാറ്ററിങ് സ്ഥാപനങ്ങൾ, വലിയ റസ്റ്ററന്റുകൾ എന്നിവിടങ്ങളിൽ വിപണനസാധ്യതയുമുണ്ട്.



# ഇഞ്ചിക്ക് നല്ലകാലം, താഴ്ന്ന വില നേട്ടമാക്കി കയറ്റുമതിക്കാർ

ഏഷ്യൻ രാജ്യങ്ങളിൽ ഇഞ്ചിക്ക് ഡിമാൻഡ് ഉയർന്നതോടെ ഉൽപാദകർ മെച്ചപ്പെട്ട വിലയ്ക്കായി മുറവിളി ഉയർത്തുന്നു. അയൽ രാജ്യങ്ങളിൽ ഇഞ്ചിക്ക് ഉയർന്ന വില ഉറപ്പു വരുത്തിയപ്പോൾ നാടൻ ചരക്ക് മുന്നേറാൻ ക്ലേശിക്കുന്നു. അതേസമയം ആഭ്യന്തര മാർക്കറ്റിലെ താഴ്ന്ന വില നേട്ടമാക്കി രാജ്യാന്തര ചുക്ക് വിപണിയിലെ ശക്തമായ മത്സരങ്ങൾക്കു മുന്നിൽ പിടിച്ചു നിൽക്കാൻ ഇന്ത്യൻ കയറ്റുമതിക്കാർക്ക് കഴിഞ്ഞു.



സംസ്ഥാനത്തെ വിവിധ വിപണികളിൽ പച്ച ഇഞ്ചി കിലോ 80 മുതൽ 120 രൂപയിലാണ്. മൊത്തവിപണികളിൽ ഈ നിരക്കിലും അൽപ്പം താഴ്ന്ന് ഇഞ്ചി ലഭിക്കുമെങ്കിലും ഇത്ര ഉയർന്ന വിലയ്ക്ക് ഇഞ്ചി ശേഖരിച്ച് തൊണ്ട് കളഞ്ഞ് പല ദിവസങ്ങളിലായി കനത്ത വെയിലിൽ സംസ്കരിച്ച് വരുമ്പോൾ ഉൽപാദകന് കൈപൊള്ളും. അതേസമയം അയൽ സംസ്ഥാനമായ കർണാടകത്തിൽ ഇഞ്ചി 60 രൂപയ്ക്ക് ലഭ്യമാണ്. കേരളത്തിൽ നിന്നുള്ള കർഷകർ അവിടെ ഭൂമി പാട്ടത്തിന് എടുത്ത് ഇഞ്ചി കൃഷി ഇറക്കുന്നുണ്ട്.

ഇഞ്ചി ഉൽപാദനത്തിൽ ബഹുദൂരം മുന്നേറിയ മഹാരാഷ്ട്രയിൽ കിലോ 45 രൂപയിൽ ഇടപാടുകൾ നടക്കുന്നതിനാൽ മുൻനിര കയറ്റുമതിക്കാരും സംഭരണ കേന്ദ്രം അങ്ങോട്ടു മാറ്റി. കുറഞ്ഞ കൂലിച്ചെലവും തൊഴിലാളികളുടെ ലഭ്യതയും ചുക്ക് ഉൽപാദനം പരമാവധി ഉയർത്താനുള്ള അവസരമൊരുക്കി. ആസാമിലും ഇഞ്ചിക്കൃഷി വ്യാപകമാണ്. മറ്റു പല സംസ്ഥാനങ്ങളിലും ഇഞ്ചിക്കൃഷി ചെയ്യുന്നുണ്ടെങ്കിലും നിത്യേനെയുള്ള ആവശ്യങ്ങൾക്കും പച്ചക്കറി വിപണി ലക്ഷ്യമാക്കിയുമാണ് ഉൽപ്പന്നം കൂടുതലായി നീങ്ങുന്നത്

പിന്നിട്ട രണ്ട് വർഷങ്ങളിൽ കോവിഡ് വ്യാപനം മൂലം ഉൽപാദനത്തിൽ വലിയോരു പങ്ക് പ്രദേശിക മാർക്കറ്റിൽ തന്നെ വിറ്റഴിക്കാൻ ഭൂട്ടാനിലെ കർഷകർ നിർബന്ധിതരായി. ഈ അവസരത്തിൽ ഇന്ത്യൻ ഓർഡറുകൾ മങ്ങിയതിനാൽ ഇഞ്ചിവില ഭൂട്ടാൻ നാണയമായ ഗുൾട്രം കിലോ എട്ടിലേക്ക് ഇടിഞ്ഞങ്കിലും ഇപ്പോൾ വില 35ലേക്കും ചില ഭാഗങ്ങളിൽ 41ലേക്കും മുന്നേറി. ഇന്ത്യൻ വാങ്ങലുകാരുടെ വരവാണ് വിലക്കയറ്റത്തിന് വഴിതെളിച്ചത്. ഇന്ത്യൻ അതിർത്തി സംസ്ഥാനങ്ങളിലെ ആവശ്യങ്ങൾക്കുള്ള പച്ച ഇഞ്ചിയിൽ വലിയ പങ്ക് ഭൂട്ടാന്റെ സംഭാവനയാണ്.

ചൈനയും തായ്‌ലൻഡും രാജ്യാന്തര വിപണിയിൽ സജീവം. പച്ച ഇഞ്ചിയെക്കാൾ ചുക്ക് കയറ്റുമതിക്കാണ് ചൈന മുൻതൂക്കം നൽകുന്നത്. അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയ്ക്കൊപ്പം മത്സരിക്കുന്ന അവർ അമേരിക്കയിലേക്കും അറബ് രാജ്യങ്ങളിലേക്കും ഷിപ്പ്മെന്റ് നടത്തുന്നുണ്ട്.

ഇന്ത്യൻ ചുക്കിന് മധ്യപൂർവേഷ്യൻ രാജ്യങ്ങളിൽ നിന്നും വൻ ഓർഡറുകൾ എല്ലാ മാസങ്ങളിലും എത്തുന്നുണ്ട്. എന്നാൽ വിലക്കയറ്റം ഭയന്ന് വിദേശ ഓർഡറുകൾ സംബന്ധിച്ച് കയറ്റുമതി സമൂഹം നിശബ്ദത പാലിച്ചു. കൊച്ചി തുറമുഖത്തെ അപേക്ഷിച്ച് കയറ്റുമതിക്ക് മുംബൈ പോർട്ടിനെയാണ് പലരും കൂടുതലായി ആശ്രയിക്കുന്നതും. കുറഞ്ഞ കൂലിച്ചെലവുകളും മഹാരാഷ്ട്രയിൽ ചുക്കിന്റെ ഉയർന്ന ലഭ്യതയും കണ്ടെയ്നറുകൾ ആവശ്യാനുസരണം ലഭിക്കുന്നതുമെല്ലാം എക്സ്പോർട്ടർമാരുടെ ശ്രദ്ധ ആ ദിശയിലേക്കു തിരിച്ചു.

## കർഷക ക്ഷേമനിധി പെൻഷന് ഇപ്പോൾ അപേക്ഷിക്കാം; അംശദായം 100 രൂപ



സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾകൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാതെയുള്ള 18നും 65 വയസിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. ഈ പദ്ധതിയുടെ പ്രതിമാസ അംശദായം 100 രൂപയാണ്. അംഗമായി റജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfw-fb.kerala.gov.in എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്.

പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. റജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

# ഇഞ്ചിവില ഉയരുന്നു; കർഷകർ പ്രതീക്ഷയിൽ



**പുൽപള്ളി:** തുടർച്ചയായ 3 വർഷത്തെ വില തകർച്ചയ്ക്കു ശേഷം കർഷകർക്കു പ്രതീക്ഷ നൽകി ഇഞ്ചിവില ഉയരുന്നു. 60 കിലോ ചാക്കിന് 5,000 രൂപയിലധികമായി വില ഉയർന്നു. കഴിഞ്ഞ വർഷം 1500 രൂപയും അതിനുമുൻപ് 1,000 രൂപയുമായിരുന്നു പരമാവധി വില. സാമ്പത്തിക പ്രയാസത്തിൽ നട്ടം തിരി!ഞ്ഞ ഭൂരിപക്ഷം കർഷകരും നേരത്തെ ഇഞ്ചി പറിച്ചു. പുതിയ കൃഷിയാരംഭിക്കാൻ വൻതുക വേണ്ടിവന്നതോടെ ഇഞ്ചിയുമായി കാത്തിരിക്കാനുള്ള ശേഷി പലർക്കുമില്ലാതായി. ഏതാണ്ട് 70 ശതമാനം പേരും ഇഞ്ചി വിളവെടുത്തു. ഉൽപന്നത്തിനു ക്ഷാമം നേരിട്ടതോടെയാണു വില ഉയർന്നത്. ന്യായവില ലഭിക്കാതെ ഇഞ്ചി പറിക്കേണ്ടതില്ലെന്ന കർഷക കൂട്ടായ്മകളുടെ തീരുമാനവും വില ഉയരാൻ വഴി മരുന്നായി.

ഏതാനും വർഷം മുൻപ് ചാക്കിന് 9,000 രൂപവരെ വില ഉയർന്ന സമയമുണ്ട്. ക്ഷാമം രൂക്ഷമായപ്പോഴായിരുന്നു വില റെക്കോഡിലെത്തിയത്. പുതിയ ഇഞ്ചി പറിക്കും വരെ മെച്ചപ്പെട്ട വില ലഭിക്കുമെന്നാണ് ഈ രംഗത്തുള്ളവരുടെ പ്രതീക്ഷ.ശക്തമായ വേനലിനെ അവഗണിച്ചും കർഷകർ നടീലിന്റെ തിരക്കിലാണ്. വിഷുവിനു മുൻപു നടീൽ പൂർത്തീകരിക്കണമെന്നാണു പലരുടെയും ആഗ്രഹം. പുതിയ സ്ഥലം കണ്ടെത്തി ജലസേചന സൗകര്യങ്ങൾ ഉറപ്പാക്കിയവർ ബെഡ് വെട്ടി ഇഞ്ചി നട്ടു. ഇഞ്ചി വില വർധിക്കുന്നതനുസരിച്ച് വിത്ത് വിലയും കൂടുന്നുണ്ട്. ഇഞ്ചിയുടെ കമ്പോള വിലയ്ക്കു പുറമേ 1,000 രൂപ കൂടി വിത്തിനു നൽകണം.

സ്ഥലത്തിന്റെ പാട്ടം, കൂലി, ചെലവ് എന്നിവയെല്ലാം വർധിച്ചു. ഒരേക്കർ സ്ഥലത്ത് നടീൽ പൂർത്തീകരിക്കാൻ 5 ലക്ഷത്തിൽ കുറയാത്ത ചെലവുണ്ട്. കർണാടകയിൽ ജോലിക്കാർക്കും ക്ഷാമം നേരിട്ടുതുടങ്ങി. എല്ലാവരും നടീൽ തുടങ്ങിയപ്പോൾ ഗ്രാമീണ തൊഴിലാളികളെയും കിട്ടാതായി.കടുത്ത വരൾച്ചയിൽ ജലക്ഷാമം നേരിടുന്ന കർഷകരുമുണ്ട്. കുഴൽക്കിണറുകളിൽ പലതും വറ്റി. വൈദ്യുതി കിട്ടാത്തതാണു മറ്റൊരു പ്രശ്നം. രാത്രി ഏതാനും മണിക്കൂർ മാത്രമാണു ഗ്രാമങ്ങളിൽ വൈദ്യുതി വിതരണം. നനയ്ക്കാൻ വെള്ളമില്ലാതെ ഇഞ്ചി പറിക്കാൻ നിർബന്ധിതരായവരുമേറെ. മുൻ വർഷങ്ങളിലെ നഷ്ടത്തിൽ നിന്നു കരകയറാൻ കഴിയാത്തവരും ഒട്ടേറെയാണ്.

കർണാടകയിലെ ഉല്ലള്ളി, ഉറ, സർഗൂർ, മാതാപുര, ഗദ്ദിക, മലവള്ളി, കെ.ആർ.നഗർ, ഹാസൻ എന്നിവിടങ്ങളിലാണ് കാര്യമായ ഇഞ്ചിക്കൃഷി. ശിവമൊഗ്ഗ ഭാഗങ്ങളിൽ ഇഞ്ചി കൃഷി കുറഞ്ഞു. പാട്ട കർഷകർക്ക് പുറമേ നാട്ടുകാരും കാര്യമായി ഇഞ്ചിക്കൃഷി ചെയ്യുന്നുണ്ട്. കർണാടകയിൽ കൃഷിക്കു പല ആനുകൂല്യങ്ങളും ലഭിക്കുന്നതിനാൽ വിലയിടിവ് അവരെ കാര്യമായി ബാധിക്കാറില്ല.



## കുറ്റിപ്പുറത്തെ ജലജീവൻ പദ്ധതി; മണ്ണ് പരിശോധന തുടങ്ങി

**കുറ്റിപ്പുറം:** 121.77കോടി രൂപ ചെലവി!ൽ കുറ്റിപ്പുറം പഞ്ചായത്തിൽ നടപ്പാക്കുന്ന ജലജീവൻ പദ്ധതിയുടെ മണ്ണുപരിശോധന ആരംഭിച്ചു. പദ്ധതിയുടെ ശുദ്ധീകരണ പ്ലാന്റിൽ നിന്ന് കിൻഫ്ര പാർക്കിലെ പ്രധാന സംഭരണിയിലേക്ക് റെയിൽവേ ട്രാക്കിന് അടിയിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിനാണ് പരിശോധന നടത്തുന്നത്.മഞ്ചാടിയിൽ റെയിൽവേ ട്രാക്കിന് അടിയിലൂടെയാണു പ്രധാന പൈപ്‌ലൈൻ കടന്നുപോകുക. ഈ ഭാഗത്താണ് പൈലിങ് നടത്തി പരിശോധിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് റിജിത ഷലീജ്, വൈസ് പ്രസിഡന്റ് സിദ്ദീഖ് പരപ്പാര അടക്കമുള്ളവരും പൈലിങ് സ്ഥലത്തെത്തി. ഭാരതപ്പുഴയിലെ കാങ്കക്കടവിൽ നിർമിക്കുന്ന റഗുലേറ്റർ പ്രദേശത്താണ് പദ്ധതിക്കാവശ്യമായ കിണർ നിർമിക്കുക.

ഇവിടെനിന്ന് നിളയോരം പാർക്കിന് സമീപത്തെ ശുദ്ധീകരണ പ്ലാന്റിലേക്ക് പൈപ് ലൈൻവഴി വെള്ളമെത്തിക്കും. നിളയോരം പാർക്കിന് സമീപത്തായി വലിയ ശുദ്ധീകരണ പ്ലാന്റാണ് സ്ഥാപിക്കുക. കുറ്റിപ്പുറത്തിനു പുറമേ കോട്ടയ്ക്കൽ നഗരസഭയിലേക്കടക്കം കാങ്കക്കടവ് സംഭരണിയിൽ നിന്നാണ് വെള്ളമെത്തിക്കുക.

ശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള ശുദ്ധജലം തിരൂർ റോഡും റെയിൽവേ ട്രാക്കും കടന്ന് ചെല്ലൂർക്കുന്ന് വഴി കിൻഫ്രയിലെ പ്രധാന സംഭരണിയിലെത്തും.

ഇവിടെനിന്നാണു വിവിധ ഭാഗങ്ങളിലേക്ക് വെള്ളമെത്തിക്കുക. പദ്ധതിപ്രകാരം കുറ്റിപ്പുറം പഞ്ചായത്തിൽ 11,672 ജലവിതരണ കണക്‌ഷനുകൾ നൽകും.



## പാടശേഖരങ്ങളിലെ ജലദൗർലഭ്യം തോടുകളിലെ ചെളി നീക്കാൻ അനുമതി

**തിരൂരങ്ങാടി :** നന്നമ്പ്ര മോര്യാകാപ്പ്, കൊടിഞ്ഞി തിരുത്തി, വെഞ്ചാലി പാടശേഖരങ്ങളിലെ ജലദൗർലഭ്യത്തിനു പരിഹാരമായി പ്രദേശത്തെ തോടുകളിലെ ചെളി നീക്കം ചെയ്യാൻ കലക്ടറുടെ അനുമതി. പ്രദേശങ്ങളിലെ പെട്ട വെഞ്ചാലി, മുക്കം, വട്ടച്ചിറ തോടുകളിൽ ഒഴുക്ക് സുഗമമാക്കുന്നതിന് വേണ്ടിയും വെള്ളം സംഭരിക്കാൻ കഴിയുന്ന തരത്തിലും ആവശ്യമായ ചെളി നീക്കം ചെയ്യുന്നതിന് കലക്ടർ ഉത്തരവ് പുറപ്പെടുവിച്ചു.നഗരസഭയിലും നന്നമ്പ്ര പഞ്ചായത്തിലുമുള്ള പാടശേഖരങ്ങളിലേക്ക് നെൽക്കൃഷിക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ലെന്ന പരാതിയെ തുടർന്ന് കെ.പി.എ.മജീദ് എംഎൽഎ ബന്ധപ്പെട്ട ജനപ്രതിനിധികളോടൊപ്പം ജില്ലാ കലക്ടറുമായി ചർച്ച നടത്തിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സംഘം തോടുകൾ പരിശോധിച്ചു നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചെളി നീക്കാൻ അനുമതി നൽകിയത്.


ഈ തോടുകളിൽ നിന്നും ചെളി നീക്കം ചെയ്യുന്നതിന് ആവശ്യമായ ചെലവ് കൃഷിവകുപ്പും നന്നമ്പ്ര പഞ്ചായത്ത്, തിരൂരങ്ങാടി നഗരസഭ എന്നീ തദ്ദേശ സ്ഥാപനങ്ങളും വഹിക്കണമെന്നാണ് ഉത്തരവിൽ പറഞ്ഞിട്ടുള്ളത്.

നീക്കം ചെയ്യുന്ന ചെളി ലേലം നടത്താനോ കൊണ്ടുപോകാനോ പാടില്ല എന്നും ഉത്തരവിൽ പറയുന്നുണ്ട്.

## പോളിടെക്നിക് കലോത്സവം 24 മുതൽ കൊട്ടിയത്ത്

ഈ മാസം 24 മുതൽ 27 വരെ കൊട്ടിയം ശ്രീനാരായണ പോളിടെക്നിക് കോളജിൽ നടക്കുന്ന സംസ്ഥാന ഇന്റർ പോളിടെക്നിക് കലോത്സവത്തിന്റെ വെബ്സൈറ്റ് ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. നിർമിത ബുദ്ധിയുടെ വികാസത്തിലൂടെ പുത്തൻ തൊഴിൽ രീതികൾ സൃഷ്ടിക്കപ്പെടും.

സാങ്കേതിക വിദ്യകളുടെ വളർച്ചയെ വിദ്യാർഥികൾ കൂടുതൽ കാര്യക്ഷമമായി പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.



# ജന്മനാലുള്ള ഹൃദയ വൈകല്യങ്ങൾ ; രോഗികളുടെ എണ്ണം ഗണ്യമായി വർധിച്ചതായി വിദഗ്ദർ



**കൊച്ചി.** ജന്മനാ ഹൃദ്രോഗ ബാധിതരായ മുതിർന്നവരുടെ വെല്ലുവിളികളെക്കുറിച്ച് കൊച്ചിയിലെ അമൃത ഹോസ്പിറ്റൽ രണ്ടു ദിവസത്തെ സിംപോസിയം സംഘടിപ്പിച്ചു. വെല്ലുവിളികൾ നേരിടുന്ന ഇത്തരം അപൂർവ്വ രോഗികളുടെ പരിപാലനത്തിനായി മെഡിക്കൽ രംഗത്ത് അവബോധം വളർത്താനായി 'ജന്മനായുള്ള ഹൃദ്രോഗവുമായി വളരുക' എന്ന വിഷയത്തിലാണ് കൊച്ചിയിലെ അമൃത ഹോസ്പിറ്റൽ സിപോസിയം നടത്തിയത്. ദേശീയഅന്തർദേശീയ തലത്തിൽ നിന്നുള്ള വിദഗ്ധർ ചർച്ചകളിൽ പങ്കെടുത്തു. ബെൽജിയം ഗെന്റ് യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ നിന്നുള്ള ഡോ.ഫിലിപ്പ് മൂൺസ് ലോകമെമ്പാടുനിന്നുള്ള ജന്മനാ ഹൃദ്രോഗികളായ മുതിർന്നവരുടെ ഏറ്റവും പുതിയ ജീവിത നിലവാര ഡാറ്റ അവതരിപ്പിച്ചു.രോഗികൾ അവരുടെ അനുഭവങ്ങളും വെല്ലുവിളികളും മറ്റും ചർച്ചയിൽ പങ്കുവച്ചു.ഹൃദ്യം പോലുള്ള പദ്ധതികൾ വലിയ ആശ്വാസമാകുന്നുണ്ടെങ്കിൽ കൂടി, 18 വയസിനപ്പുറം ഇത്തരം രോഗികൾക്കായുള്ള ഇൻഷുറൻസ് പരിരക്ഷ അല്ലെങ്കിൽ സാമ്പത്തിക സഹായം നൽകാനുള്ള സംവിധാനങ്ങൾ നിലവിൽ ഇല്ല. ഒപ്പം, മാതാപിതാക്കളും സഹോദരങ്ങൾക്കും ഇത്തരം സാഹചര്യങ്ങൾ നേരിടുമ്പോൾ വേണ്ട അവബോധം സൃഷ്ടിക്കാൻ പലപ്പോഴും ഒരു കൂട്ടായ്മയ്ക്ക് കൂടുതൽ ചെയ്യാൻ സാധിക്കും. അത്തരം കൂട്ടായ്മകൾ ഇന്ത്യ യിൽ ഇപ്പോൾ കുറവാണു, ഒരു പരിധി വരെ പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരം കാണാൻ അധികൃതരെ സമീപിക്കാനും സഹായം തേടാനും കൂട്ടായ്മകൾ സഹായിക്കും.ജന്മനായുള്ള ഹൃദ്രോഗങ്ങൾക്കുള്ള ചികിൽസ നമ്മുടെ രാജ്യത്ത് ആരംഭിച്ചിട്ട് ഏതാനും വർഷങ്ങൾ മാത്രമേ ആയിട്ടുള്ളൂ. 2000ത്തിന്റെ തുടക്കത്തിൽ ജന്മനാ ഹൃദ്രോഗമുള്ളവരെ ചികിൽസിക്കുന്ന ഏതാനും സെന്ററുകളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. ഇപ്പോൾ ഇത് വളർന്നു. ആദ്യ ശസ്ത്രക്രിയകൾക്കു വിധേയരായ കുട്ടികൾ ഇപ്പോൾ മുതിർന്നു. ഇവരുടെ ഹൃദയങ്ങൾക്ക് ഡോക്ടർമാരുടെ പ്രത്യേക പരിചരണം ആവശ്യമുള്ളവയാണെന്ന് കൊച്ചി അമൃതഹോസ്പിറ്റൽ ജന്മനാ ഹൃദ്രോഗികളായ മുതിർന്നവർക്കുള്ള പ്രോഗ്രാമിന്റെ ചുമതലയുള്ള ഡോ. നവനീത ശശികുമാർ പറഞ്ഞു. വളരെ ശ്രദ്ധവേണ്ട മേഖലയാണ് ഇത്. ഇത്തരം പ്രത്യേകതകൾ ചികിൽസിക്കുന്ന ഡോക്ടർമാർ മറ്റ് സർജൻ, അനസ്തേറ്റിസ്റ്റ്, ഇമേജിങ് വിദഗ്ധർ തുടങ്ങിവരുമായി സഹകരിക്കുകയും വേണം, ഈ യോഗത്തിൽ ദേശീയ അന്തർദേശിയ തലത്തിൽ നിന്നുള്ള വിദഗ്ധർ അവരുടെ എക്സപീരിയൻസ് പങ്ക് വെച്ചതും, രോ ഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനായി പുതിയ ആശയങ്ങളും ഇതിലൂടെ ലഭ്യമായെന്നും നവനീത പറഞ്ഞു. മലേഷ്യയിലെ ഇൻസ്റ്റിറ്റ്യൂട്ട് ജൻതുങ് നെഗരയിലെ ഡോ. ഗീത കന്ധെവെല്ലോ, തായ്‌ലണ്ടിലെ ബാങ്കോക് ക്യൂൻ സിരികിറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്തിലെ ഡോ. വോറാകൻ പ്രോംഫൻ, ഗ്ലോബൽ റുമാറ്റിക്കൊഞെനിറ്റൽ ഹാർട്ട് പ്രസിഡന്റ് അമി വെർസ്തപ്പൻ,തുടങ്ങി പ്രമുഖർ അന്താരാഷ്ട്ര തലത്തിൽ നിന്നും പങ്കെടുത്തു. ചെന്നൈ ലൈഫ് ലൈൻ ഹോസ്പിറ്റൽ, ന്യൂഡൽഹി എയിംസ, മദ്രാസ് മെഡിക്കൽ കോളേജ് , ബംഗളൂരു ജയദേവ ഹോസ്പിറ്റൽ, ചെന്നൈ അപ്പോളോ ഹോസ്പിറ്റൽ , മുംബൈ റിലയൻസ് ഫൗണ്ടേഷൻ ഹോസ്പിറ്റൽ, കോഴിക്കോട് ആസ്റ്റർ മിംസ് തുടങ്ങിയവരാണ് ദേശീയ തലത്തിൽ നിന്നും പങ്കെടുത്തത്. കൊച്ചി അമൃതയിലെ പീഡിയാട്രിക് കാർഡിയോളജി അസോസിയേറ്റ് പ്രൊഫസർ ഡോ.നവനീത ശശികുമാറായിരുന്നു പരിപാടിയുടെ സംഘാടക സെക്രട്ടറി. ഡോ.ആർ കൃഷ്ണ കുമാർ (ചെയർമാൻ), ഡോ.ബാലു വൈദ്യനാഥൻ, ഡോ.ബ്രിജേഷ് പി.കെ, ഡോ.മഹേഷ് കെ, ഡോ.പ്രവീൺ റെഡ്ഡി, ഡോ.ഷൈൻ കുമാർ, ഡോ. ബാലാജി ശ്രീമുരുഗൻ എന്നിവരുൾപ്പെട്ടവരായിരുന്നു പരിപാടി നിയന്ത്രിച്ചത്.

# ചേർത്തലയിൽ മെഗാഫുഡ് പാർക്ക് ഒരുങ്ങി; 11 ന് നാടിനു സമർപ്പിക്കും



**ആലപ്പുഴ:** കേരളത്തിന്റെ വ്യവസായ വികസനത്തിന് കൂടുതൽ ഊർജം പകരാനായി ചേർത്തല പള്ളിപ്പുറത്ത് സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ യാഥാർഥ്യമാക്കിയ മെഗാ ഫുഡ് പാർക്ക് ഉദ്ഘാടനത്തിന് സജ്ജം. മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര ഭക്ഷ്യസംസ്ക്കരണ വ്യവസായ മന്ത്രി പശുപതി കുമാർ പരശും ചേർന്ന് ഏപ്രിൽ 11ന് രാവിലെ 10.30ന് മെഗാഫുഡ് പാർക്ക് ഉദ്ഘാടനം ചെയ്യും.ചടങ്ങിൽ വ്യവസായ മന്ത്രി പി. രാജീവ് അധ്യക്ഷനാകും. കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ സഹായത്തോടെ സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കിന്റെ പദ്ധതി അടങ്കൽ തുക 128.49 കോടി രൂപയാണ്. പദ്ധതി തുകയിൽ 50 കോടി രൂപ കേന്ദ്ര സഹായവും 72.49 കോടി രൂപ സംസ്ഥാന സർക്കാരിൽ നിന്നുള്ള വിഹിതവും ആറ് കോടി രൂപ ലോണുമാണ്. ചേർത്തല പള്ളിപ്പുറത്തെ കെ.എസ്.ഐ.ഡി.സിയുടെ വ്യവസായ വളർച്ച കേന്ദ്രത്തിൽ 84.05 ഏക്കറിൽ 128.49 കോടി രൂപ ചെലവഴിച്ചാണ് മെഗാഫുഡ് പാർക്ക് സ്ഥാപിച്ചത്. പാർക്കിന്റെ ഒന്നാം ഘട്ടമായ 68 ഏക്കർ പൂർണമായും ഉദ്ഘാടനത്തിന് സജ്ജമാണ്. അടിസ്ഥാന വികസന സൗകര്യങ്ങൾ പൂർത്തിയാക്കി പൂർണമായും യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. 68 ഏക്കറിൽ റോഡ്, വൈദ്യുതി, മഴവെള്ള നിർമാർജന ഓടകൾ, ജലവിതരണ സംവിധാനം, ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോമൺ ഫെസിലിറ്റി സെന്റർ, വെയർ ഹൗസ് ഉൾപ്പെടെയുള്ള പ്രോസസിങ് ഫെസിലിറ്റികളുമുണ്ട്. 31 ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകൾക്കും സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇതിൽ 12 യൂണിറ്റുകൾ പ്രവർത്തനക്ഷമമാണ്. ഈ യൂണിറ്റുകളിൽ ഇതുവരെ 600 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.മത്സ്യ ഭക്ഷ്യസംസ്ക്കരണ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നിർമിച്ചിരിക്കുന്ന ഈ പാർക്കിലെ യൂണിറ്റുകൾ പൂർണമായി പ്രവർത്തനക്ഷമമാകുമ്പോൾ 1000 കോടി രൂപയുടെ നിക്ഷേപവും 3000 ത്തോളം തൊഴിലവസരങ്ങളുമാണ് ഉണ്ടാകുക. 2017 ജൂൺ 11നാണ് പാർക്കിന് തറക്കല്ലിട്ടത്.

## ഏപ്രിൽ 30നകം രജിസ്റ്റർ ചെയ്യണം

**കൊച്ചി:** എറണാകുളം ജില്ലയിലെ എല്ലാ സ്വകാര്യ കുഴൽക്കിണർ നിർമ്മാണ ഏജൻസികളും 2023 ഏപ്രിൽ 30നകം തങ്ങളുടെ സ്ഥാപനം ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് ഭൂജല വകുപ്പ് ജില്ലാ ഓഫീസർ അറിയിച്ചു. രജിസ്റ്റർ ചെയ്യാതെ കുഴൽക്കിണർ നിർമ്മാണം നടത്തുന്ന സ്ഥാപനങ്ങൾക്ക് ഒരുലക്ഷം രൂപ പിഴ ഈടക്കുകയും മറ്റ് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യും.റിഗ്ഗ് രജിസ്ട്രേഷൻ നടപടികൾക്കായി ഭൂജലവകുപ്പ് ജില്ലാ ഓഫീസ്, ആർ.ഡി.പി.സി. ബിൽഡിംഗ്, മാണിക്കുളങ്ങര റോഡ് കാക്കനാട്, എറണാകുളം30 എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 0484 2956331

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബറിലെ ഷോപ്പിംഗ് കോംപ്ലക്സിന് കിഴക്കുഭാഗത്തുള്ള മിനറൽ വാട്ടർ സൂക്ഷിക്കുന്ന രണ്ടു മുറികൾ (റൂം നമ്പർ 1, റൂം നമ്പർ 2) 2023 ജൂൺ 21 മുതൽ 2024 ജൂൺ 20 വരെ പ്രസ്തുത ആവശ്യത്തിന് വാടകയ്ക്ക് നൽകുന്നതിന് മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ: 0484 2967371.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലെ യൂറോളജി വിഭാഗത്തിലേക്കാവശ്യമായ എഹലഃശയഹല ഉശഴശമേഹ ഉശറൗീെയഹല ഡ്യൂലല്യേീ രെീുല ഒരെണ്ണം വിതരണം ചെയ്യുന്നതിനായി അംഗീകൃത സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്ന് മത്സരസ്വഭാവമുള്ള ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 18 വൈകിട്ട് അഞ്ച് വരെ. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്ന് അറിയാം.

## സ്ഥലം ലേലം

**കൊച്ചി:** കാലടി വില്ലേജ്, ബ്ലോക്ക് 26, റിസർവെ 282/8ൽ 10.60 ആർ വസ്തുവിൽ(പുരയിടം) ജപ്തി ചെയ്ത 1/5 ഭാഗം സ്ഥലം ആലുവ തഹസിൽദാരോ തഹസിൽദാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ മെയ് 11ന് പകൽ 11.30ന് കാലടി വില്ലേജ് ഓഫീസിൽ പരസ്യമായി ലേലം ചെയ്യും. മേക്കാടി ജംഗ്ഷനിൽ നിന്ന് 120 മീറ്റർ വടക്കുമാറി കിഴക്കോട്ട് പോകുന്ന പഞ്ചായത്ത് റോഡിൽ 150 മീറ്റർ ചെല്ലുന്നിടത്ത് റോഡിന് വടക്ക് വശത്താണ് സ്ഥലം. ഫോൺ: 0484 2624052

## വോട്ടർപട്ടിക പുതുക്കൽ: യോഗം 10ന്

ആലപ്പുഴ: ചേർത്തല നഗരസഭയിലെ വാർഡ് 11 (മുനിസിപ്പൽ ഓഫീസ് വാർഡ്) ലെ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നു. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഏപ്രിൽ 10ന് രാവിലെ 11ന് തിരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കളക്ടറുടെ ചേമ്പറിൽ യോഗം ചേരും.

# ബിനാലെ :'എക്സ്പെരിമെന്റ്സ് വിത്ത് ഇമാജിനേഷൻ'ഇന്നു മുതൽ



**കൊച്ചി:** ബിനാലെ കൊളാറ്ററൽ പരിപാടിയുടെ ഭാഗമായി അന്താരാഷ്ട്ര സംഘടനയായ ഇൻസ്റ്റിറ്റ്യൂട്ട് ബി 61 കലയും ഭാവനയും ശാസ്ത്രവും സമന്വയിക്കുന്ന 'എക്സ്പെരിമെന്റ്സ് വിത്ത് ഇമാജിനേഷൻ' എന്ന പ്രത്യേക പ്രദർശനം സംഘടിപ്പിക്കുന്നു. ഇന്നു മുതൽ പത്തുവരെ മട്ടാഞ്ചേരി മുഹമ്മദ് അലി വെയർഹൗസിൽ രാവിലെ 10.07 മുതൽ വൈകിട്ട് 7.07 വരെയാണ് പ്രദർശനം. ദിവസവും വൈകിട്ട് 7.37മുതൽ 8.33വരെ കലാ ശാസ്ത്ര അവതരണങ്ങളുമുണ്ടാകും. പ്രമുഖ പോളിഷ് കലാകാരനും ശാസ്ത്രത്തിന്റെ ജനകീയവതകരണത്തിനു യത്നിക്കുന്ന ഗവേഷകനുമായ ജാൻ സ്വെർകോവ്സ്കിയാണ് പരിപാടിയുടെ ക്യൂറേറ്റർ. നാളെ വൈകുന്നേരം നാലിന് ഫോർട്ട്കൊച്ചി കബ്രാൾയാർഡിൽ ക്യൂറേറ്റർ ' ആർട്ട് ആൻഡ് സയൻസ് ഓഫ് ദി ഇൻവിസിബിൾ വേൾഡ്' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും. ആസ്ട്രോ ഫിസിക്സിലെ സമകാലീന സിദ്ധാന്തങ്ങൾ നിരീക്ഷിച്ച് കലാപരമായ ആവിഷ്കാരങ്ങൾ ഒരുക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ബി 61 കല ശാസ്ത്ര സമന്വയത്തിനായി ഒന്നര പതിറ്റാണ്ടോളമായി കർമ്മരംഗത്തുണ്ട്. സാംസ്കാരിക, സാമൂഹ്യശാസ്ത്ര, രാഷ്ട്രീയ പാതയിൽ ഊന്നാതെ കാതലായ തത്വചിന്താപരമായ അന്വേഷണങ്ങളിലേക്ക് നീങ്ങുന്നതാണ് സംഘടനയുടെ കലാവിഷ്കാരങ്ങൾ. ശാസ്ത്രീയ വിജ്ഞാനം ആർജ്ജിക്കുന്നതിൽ ഉൾച്ചേരുന്ന മാനസിക, ദ്രവ്യ, സാമൂഹിക അവസ്ഥകൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ് 'എക്സ്പെരിമെന്റ്സ് വിത്ത് ഇമാജിനേഷൻ' എന്ന് ക്യുറേറ്റർ ജാൻ സ്വെർകോവ്സ്കിപറഞ്ഞു. ആർട്ടിസ്റ്റ് ഫിലിംസ് വിഭാഗത്തിൽ ഇന്നു വൈകിട്ട് 7.30നു കബ്രാൾയാർഡ് പവിലിയനിൽ 'ലാൻഡ്സ്, സ്റ്റേറ്റ്സ് ആൻഡ് ബീയിങ്സ്' പ്രദർശിപ്പിക്കും. എബിസി ആർട്ട്റൂമിൽ നൃത്ത, ചലന ശിൽപശാല ഇന്നും രാവിലെ പത്തുമുതൽ തുടരും.

# എന്റെ കേരളം: മറൈൻഡ്രൈവിൽ വന്നാൽ കാണാം 12 തരം മണ്ണുകൾ



**കൊച്ചി:** കേരളത്തിലെ വ്യത്യസ്തയിനം മണ്ണിനങ്ങളെ ഒരു കുടക്കീഴിൽ എത്തിച്ച് ശ്രദ്ധയാ കർഷിക്കുകയാണ് എന്റെ കേരളം മെഗാ പ്രദർശന മേളയിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്. ഭൂമിശാസ്ത്രപരമായി പ്രാധാന്യം അർഹിക്കുന്ന 12 തരം മണ്ണുകളാണ് മേളയിലെത്തുന്ന കാഴ്ചക്കാർക്ക് കൗതുകമുണർത്തുന്നത്. കൊല്ലം ജില്ലയിലെ ചവറ മേഖലകളിൽ കറുപ്പ്, സിൽവർ നിറത്തിൽ കാണപ്പെടുന്ന കരിമണലാണ് മേളയിൽ എത്തുന്ന വരെ ഏറെ ആകർഷിക്കുന്നത്.മലയോര മണ്ണ്, വനമണ്ണ്, കൈപ്പാട് നിലങ്ങൾ, ചെമ്മണ്ണ്, പഞ്ചാരമണൽ, കരിമണൽ, തീരദേശ മണ്ണ്, എക്കൽ മണ്ണ്, ഓണാട്ടുകര മണ്ണ്, കറുത്ത പരുത്തി മണ്ണ്, വെട്ടുകൾ മണ്ണ് എന്നീ വ്യത്യസ്തയിനം മണ്ണുകൾ ഇവിടെ കാണാം.മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങൾ വരും തലമുറയ്ക്ക് കരുതിവയ്ക്കുന്നതിന്റെ ആവശ്യകത മനസിലാക്കി നൽകുന്ന നീർത്തട സംരക്ഷണത്തിന്റെ മാതൃകയും സ്റ്റാളിലെ ആകർഷണീയതയാണ്. മണ്ണിന്റെ ഗുണനിലവാരം മനസിലാക്കി അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, എങ്ങനെ സംരക്ഷിക്കണം, ശാസ്ത്രീയ പരിശോധനയ്ക്കുള്ള മണ്ണ് എങ്ങനെയാണ് ശേഖരിക്കുന്നത് എന്നീ അറിവുകൾ പകർന്നു നൽകുന്നതിനുള്ള വിവരങ്ങളും ചിത്രങ്ങളും അടങ്ങിയ നിരവധി പോസ്റ്ററുകളാണ് സ്റ്റാളിൽ ഒരുക്കിയിട്ടുള്ളത്. ഒപ്പം പരിശോധനയ്ക്കായി മണ്ണ് ശേഖരിക്കുന്ന ക്വാർട്ടർ രീതി വിശദീകരിക്കുന്ന മാതൃകാ രൂപവും സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്.മണ്ണ് അറിഞ്ഞു കൃഷി ചെയ്യാൻ കർഷകരെ സഹായിക്കുന്ന മാം മൊബൈൽ ആപ്ലിക്കേഷനും സ്റ്റാളിൽ പരിചയപ്പെടാം. ചവിട്ടി നിൽക്കുന്ന സ്വന്തം മണ്ണിന്റെ പോഷക ഗുണങ്ങൾ മൊബൈലിലൂടെ അറിയാനുള്ള സംവിധാനമാണിത്. ഈ ആപ്ലിക്കേഷൻ എങ്ങനെ ഗുണപ്രദമായി ഉപയോഗിക്കാം എന്നുള്ള വിവരങ്ങൾ നൽകുന്ന പോസ്റ്റുകൾ കൂടാതെ ഇവയെക്കുറിച്ച് ഉദ്യോഗസ്ഥർ സ്റ്റാളിൽ വിശദീകരിച്ചു നൽകുന്നുണ്ട്.

# വോക്സ്വാഗൺ വിർടസിന് ഫൈവ് സ്റ്റാർ സുരക്ഷാ റേറ്റിങ്




**കൊച്ചി:** ഗ്ലോബൽ എൻസിഎപി ടെസ്റ്റിങ് പ്രോട്ടോക്കോളുകൾക്ക് കീഴിലുള്ള സുരക്ഷ പരിശോധനക്ക് വിധേയമായ വോക്സ്വാഗൺ വിർടസിന്, ഫൈവ് സ്റ്റാർ റേറ്റിങ് ലഭിച്ചതായി വോക്സ്വാഗൺ പാസഞ്ചർ കാർസ് ഇന്ത്യ പ്രഖ്യാപിച്ചു. ഗ്ലോബൽ എൻസിഎപിയുടെ ചരിത്രത്തിലെ എക്കാലത്തെയും മികച്ച ഫലമാണിത്. ഗ്ലോബൽ എൻസിഎപിയുടെ ഏറ്റവും പുതിയതും കൂടുതൽ കർക്കശവുമായ ക്രാഷ് ടെസ്റ്റ് പ്രോട്ടോക്കോളുകൾക്ക് കീഴിലായിരുന്നു വിർടസിന്റെ സുരക്ഷാ റേറ്റിങ് പരിശോധന. യാത്രക്കാരായ മുതിർന്നവർക്കും കുട്ടികൾക്കുമുള്ള സുരക്ഷയിൽ ഫൈവ് സ്റ്റാർ റേറ്റിങ് ലഭിച്ചതോടെ ഇന്ത്യയിലെ ഏറ്റവും സുരക്ഷിതമായ സെഡാനുകളിൽ ഒന്നായി വോക്സ്വാഗൺ വിർടസ് മാറി. നേരത്തെ ബ്രാൻഡിന്റെ ആദ്യത്തെ ഇന്ത്യ 2.0 പ്രോജക്റ്റായ വോക്സ്വാഗൺ ടൈഗൂണും അഭിമാനകരമായ ഈ സുരക്ഷാ റേറ്റിങ് നേടിയിരുന്നു.ആഗോളതലത്തിൽ പ്രശസ്തമായ ടർബോ സ്ട്രാറ്റിഫൈഡ് ഇഞ്ചക്ഷൻ എഞ്ചിനാണ് വോക്സ്വാഗൺ വിർടസിനമുള്ളത്. ഏറ്റവും മികച്ച ജർമൻഎഞ്ചിനീയറിങ്, ഉയർന്ന മാനദണ്ഡങ്ങളിലുള്ള നിലവാരം, നാൽപതിലേറെ നൂതന സുരക്ഷാ ഫീച്ചറുകൾ എന്നിവയാൽ സമ്പന്നമായ വോക്സ്വാഗൺ വിർടസ്, ഈ സെഗ്മെന്റിൽ ഏറ്റവും കൂടുതൽ അവാർഡ് ലഭിച്ച സെഡാൻ കൂടിയാണ്. 202223 കാലയളവിൽ ഇന്ത്യൻ ഓട്ടോമോട്ടീവ് പ്രസിദ്ധീകരണങ്ങളിൽ നിന്ന് 12ലധികം പുരസ്കാരങ്ങളാണ് വോക്സ്വാഗൺ വിർടസ് നേടിയത്.സുരക്ഷ, മേൻമയേറിയ നിർമാണ നിലവാരം, പ്രകടനം എന്നിവ ആഗോളതലത്തിൽ വോക്സ്വാഗൺ ഡിഎൻഎയെ സൃഷ്ടിക്കുകയാണെന്ന് വോക്സ്വാഗൺ പാസഞ്ചർ കാർസ് ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു. ടൈഗൂണിന് ശേഷം വിർടസിനും ഗ്ലോബൽ എൻസിഎപി ഫൈവ് സ്റ്റാർ സുരക്ഷാ റേറ്റിങ് ലഭിച്ചുവെന്നത് ബ്രാൻഡിന് അഭിമാനകരമായ കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഇസാഫ് കോ ഓപറേറ്റീവിന് ഇന്റർനാഷണൽ കോ ഓപ്പറേറ്റീവ് അലയൻസിൽ അംഗത്വം




കൊച്ചി: സഹകരണ സൊസൈറ്റികളുടെ ആഗോള കൂട്ടായ്മയായ ഇന്റർനാഷനൽ കോഓപറേറ്റീവ് അലയൻസിൽ ഇസാഫ് സ്വാശ്രയ മൾട്ടിസ്റ്റേറ്റ് അഗ്രോ കോഓപറേറ്റീവ് സൊസൈറ്റിക്ക് (ഇസ്മാകോ) അംഗത്വം ലഭിച്ചു. കേരളത്തിൽ നിന്ന് ഈ അംഗീകാരം ലഭിക്കുന്ന രണ്ടാമത്തെ സഹകരണ സ്ഥാപനമാണ് ഇസ്മാകോ. ഇസാഫ് സ്ഥാപകൻ കെ പോൾ തോമസിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ആസ്ഥാനമായി 2011ൽ സ്ഥാപിതമായ ഇസാഫ് സ്വാശ്രയ മൾട്ടിസ്റ്റേറ്റ് അഗ്രോ കോഓപറേറ്റീവിന് ഇന്ത്യയിൽ ഒട്ടാകെ എട്ടു സംസ്ഥാനങ്ങളിൽ സാന്നിത്യമുണ്ട്. കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിൽ ഇസ്മാകോയ്ക്ക് സംഭരണ ശാലയും ധാന്യ സംസ്കരണ കേന്ദ്രവും വിവിധ കാർഷിക അനുബന്ധ പദ്ധതികളുമുണ്ട്

# ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ ട്രെയിനിങ് പ്രോഗ്രാം

തിരുവനന്തപുരം : തിരുവനന്തപുരം ഗവ. എൻജിനിയറിങ് കോളജിൽ പ്രവർത്തിക്കുന്ന ബോഷ് റെക്സറോത്ത് സി.ഇ.ടി സെന്റർ ഓഫ് എക്സലൻസ് ഇൻ ഓട്ടോമേഷൻ ടെക്നോളജീസിൽ ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ ട്രെയിനിങ് പ്രോഗ്രാമുകൾ നടത്തുന്നു. മേയിൽ ആരംഭിക്കുന്ന 30 മണിക്കൂർ ദൈർഘ്യമുള്ള ട്രെയിനിങ് പ്രോഗ്രാമിന് 1,800 രൂപയാണ് ഫീസ്. താത്പര്യമുള്ളവർക്ക് സി.ഇ.ടി വെബ്സൈറ്റിൽ നൽകിയിട്ടുള്ള ലിങ്ക് വഴി ഓൺലൈനായി ഫീസടച്ച് രജിസ്റ്റർ ചെയ്യാം. എൻജിനിയറിങ്, ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്നവർക്കും പഠനം പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9447343160.

# ഇസഡ് വി–വൺ എഫ് ക്യാമറ അവതരിപ്പിച്ച് സോണി

**കൊച്ചി:** ക്രിയേറ്റീവ് പവർ വർധിപ്പിക്കുന്ന പുതിയ വ്ളോഗ് അൾട്രാ വൈഡ് ആംഗിൾ 20 എംഎംപ്രൈം ലെൻസ് ക്യാമറ ഇസഡ്‌വിവൺഎഫ് (ദഢ1എ) അവതരിപ്പിച്ച് സോണി. 229 ഗ്രാം തൂക്കം മാത്രം ഭാരമുള്ള ഒതുങ്ങിയ ക്യാമറ ദൈനംദിന ഉപയോഗത്തിന് വ്ളോഗർമാർക്ക് അനായാസം കൊണ്ടുപോകാനാവും. എൽസിഡി ടച്ച് സ്ക്രീനും ചിത്രങ്ങൾ സൂം ചെയ്യാനുള്ള ക്രമീകരണങ്ങളുമുണ്ട്.2023 ഏപ്രിൽ 5 മുതൽ, ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകൾ ഇകൊമേഴ്സ് വെബ്സൈറ്റുകൾ (ആമസോൺ, ഫ്ളിപ്കാർട്ട്) എന്നിവയിലുടനീളം ഇസഡ്‌വിവൺഎഫ് ലഭ്യമാക്കും. 50,690 രൂപയാണ് വില.അടുത്ത തലമുറയിലെ കോണ്ടന്റ് ക്രിയേറ്റർമാരുടെ വ്ളോഗിങ് അനുഭവം ഉയർത്താൻ രൂപകൽപന ചെയ്തിരിക്കുന്ന ഒരു കോംപാക്റ്റ് ക്യാമറയാണ് ഇസഡ്‌വിവൺഎഫ് എന്ന് സോണി ഇന്ത്യയുടെ ഡിജിറ്റൽ ഇമേജിങ് ബിസിനസ് മേധാവി മുകേഷ് ശ്രീവാസ്തവ പറഞ്ഞു.

ഗ്രൂപ്പ് സെൽഫികൾക്കും പശ്ചാത്തല ദൃശ്യങ്ങൾക്കും അനുയോജ്യമായ അൾട്രാ വൈഡ് ആംഗിൾ 20 എംഎംപ്രൈം ലെൻസാണ് ക്യാമറക്ക്. ചിത്രത്തിന്റെ സ്വാഭാവികമായ രൂപം ഉറപ്പാക്കുന്നതിന് പുതിയ സോണി ഇസഡ്‌വി-വൺഎഫ് ക്യാമറ ചർമത്തിന്റെ നിറം കൃത്യമായി പിടിച്ചെടുക്കും. സോഫ്റ്റ് സ്കിൻ ഇഫക്റ്റ് ഓപ്ഷൻ ഉപയോഗിച്ച്, വീഡിയോ ഷൂട്ട് ചെയ്യുമ്പോൾ തന്നെ സ്വാഭാവിക സ്കിൻ ടോൺ ഇഫക്റ്റ് സൃഷ്ടിക്കുകയും ചെയ്യാം. പ്രകാശം മാറുന്ന സാഹചര്യങ്ങളിൽ പോലും മുഖങ്ങൾ ഒപ്റ്റിമൽ തെളിച്ചത്തോടെ പിടിച്ചെടുക്കാനും സാധിക്കും. ഹൈപ്രിസിഷൻ ഫോക്കസിങ്ങിന് 425 കോൺട്രാസ്റ്റ്ഡിറ്റക്ഷൻ എഎഫ് ഫ്രെയിം പോയിന്റുകൾ ക്യാമറയിലുണ്ട്. സർഗാത്മകത വർധിപ്പിക്കുന്നതിന് ആകെ 10 മോഡുകളും ക്യാമറയിൽ ലഭ്യമാണ്. ഇത് എഡിറ്റിങ്ങിന്റെ ആവശ്യമില്ലാതെ തന്നെ ഉള്ളടക്കം ഉടനടി പങ്കിടാൻ ഉപയോക്താക്കളെ സഹായിക്കുമെന്നും മുകേഷ് ശ്രീവാസ്തവ പറഞ്ഞു.വിൻഡ് സ്ക്രീൻ ഫീച്ചർ ഉള്ളതിനാൽ ഉയർന്ന നിലവാരമുള്ള ശബ്ദം റെക്കോഡ് ചെയ്യാനാവും. ഉയർന്ന നിലവാരമുള്ള ഓഡിയോയ്ക്കായി മൂന്ന് ബിൽറ്റ്ഇൻ ഡയറക്ഷണൽ ക്യാപ്സ്യൂൾ മൈക്ക് ക്യാമറയിലുണ്ട്. പുതിയ വ്ളോഗ് ക്യാമറ സോണിയുടെ പുതിയ സ്മാർട്ട്ഫോൺ ആപ്പായ ഇമേജിങ് എഡ്ജ് മൊബൈൽ പ്ലസിലൂടെ ഉപയോഗിക്കാം. ഉപയോക്താക്കളെ ബ്ലൂടൂത്ത് അല്ലെങ്കിൽ വൈഫൈ വഴി ക്യാമറയിലേക്ക് കണക്റ്റുചെയ്യാനും ചിത്രങ്ങളും വീഡിയോകളും സ്മാർട്ട്ഫോണിലേക്ക് എളുപ്പത്തിൽ കൈമാറാനും ഇത് അനുവദിക്കും. സുസ്ഥിരമായ ഭാവി ഉറപ്പാക്കാൻ പരിസ്ഥിതി സൗഹൃദ സവിശേഷതകളും സാങ്കേതികവിദ്യയും ഉപയോഗിച്ചാണ് ഇസഡ്‌വി-വൺഎഫ് രൂപകൽപന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.




# 'മലൈക്കോട്ടൈ വാലിബൻ' രാജസ്ഥാൻ ഷെഡ്യൂളിന് പാക്കപ്പ്



**കൊച്ചി:** മോഹൻലാൽ നായകനാകുന്ന ലിജോ ജോസ് പെല്ലിശ്ശേരി ചിത്രം 'മലൈക്കോട്ടൈ വാലിബൻ' രാജസ്ഥാനിലെ ഷെഡ്യൂൾ പൂർത്തിയാക്കി. 77 ദിവസം നീണ്ട ചിത്രീകരണമായിരുന്നു രാജസ്ഥാനിൽ. ചിത്രത്തിന്റെ രണ്ടു ഘട്ടങ്ങൾ പൂർത്തിയാക്കി അവസാന ഘട്ട ചിത്രീകരണം മേയിൽ ചെന്നൈയിലെ ഗോകുലം സ്റ്റുഡിയോസിലാണ് നടക്കുന്നത്. ഒരു പാട് പ്രതിസന്ധികൾ തരണം ചെയ്ത്, ബുദ്ധിമുട്ടുകൾ ഉണ്ടായ ഘട്ടത്തിലും ഒത്തൊരുമയോടെ ഷൂട്ടിങ്ങിന്റെ അവസാനഘട്ടം വരെ സഹകരിച്ച അണിയറപ്രവർത്തകർക്ക് ലിജോ ജോസ് പെല്ലിശ്ശേരി നന്ദി പറഞ്ഞു. രാജസ്ഥാൻ ലൊക്കേഷനിൽ നിന്നും ലിജോ പാക്കപ്പ് പറയുന്ന ദൃശ്യങ്ങൾ ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാണ്.'നമ്മുടെ മലൈക്കോട്ടൈ വാലിബൻ ഒരുപാടു വലിയ തരത്തിലുള്ള നമുക്ക് പെട്ടെന്ന് ഷൂട്ട് ചെയ്തെടുക്കാൻ ബുദ്ധിമുട്ടുള്ള സീക്വൻസുകളുള്ള ചിത്രമാണ്. രാജസ്ഥാൻ പോലെ ഒരു സ്ഥലത്തു വന്നു നമുക്കതു ഷൂട്ട് ചെയ്തെടുക്കണമായിരുന്നു. അത് വിജയകരമായി പൂർത്തിയാക്കി എന്നുള്ളത് ഞാൻ ഇവിടെ പറഞ്ഞു കൊള്ളട്ടെ. നമുക്ക് പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഇല്ലാതിരിന്നിട്ടില്ല. അതൊക്കെ തരണം ചെയ്തു നമ്മൾ ഷെഡ്യൂൾ വിജയകരമായി പൂർത്തിയാക്കി എന്നുള്ളതിലാണ് നമ്മളെല്ലാപേരും സന്തോഷിക്കുന്നത്. നിങ്ങൾക്കെല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി. ഈ സിനിമയുടെ ഭാഗമായ എല്ലാപേർക്കും നന്ദി' ലിജോ പറഞ്ഞു. ഒപ്പം രാജസ്ഥാനിൽ ഇത്രയും നാൾ ചിലവിട്ട കാരണം ഹിന്ദിയിൽ സംസാരിച്ചപ്പോൾ തന്റെ ഹിന്ദി ഭാഷ കൂടുതൽ മെച്ചപ്പെടാൻ ഈ ചിത്രീകരണം കൊണ്ട് സാധിച്ചുവെന്നും കൂട്ടിച്ചേർത്തു.വിദേശതാരങ്ങൾ അടക്കം വമ്പൻ താരനിരയാണ് ചിത്രത്തിലുള്ളത്. ഷിബു ബേബി ജോണിന്റെ ജോൺ മേരി ക്രിയേറ്റിവ് ലിമിറ്റഡിനൊപ്പം കൊച്ചുമോന്റെ സെഞ്ചറി ഫിലിംസ് ,അനൂപിന്റെ മാക്സ് ലാബ് സിനിമാസ്, ആമേൻ മൂവി മൊണാസ്ട്രി എന്നിവർ ചേർന്നാണ് നിർമ്മാണം. പി എസ്സ് റഫീക്കിന്റേതാണ് തിരക്കഥ. സംഗീതം പ്രശാന്ത് പിള്ള, ഛായാഗ്രഹണം മധു നീലകണ്ഠൻ,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ ടിനു പാപ്പച്ചൻ. പി ആർ ഓ : പ്രതീഷ് ശേഖർ.

# ഗ്രോ എക്സ് ആപ്പുമായി യു ഗ്രോ ക്യാപിറ്റൽ

**കൊച്ചി:** ഡേറ്റാടെക്ക് ബാങ്കിതര ധനകാര്യ സ്ഥാപനമായ യു ഗ്രോ ക്യാപിറ്റൽ എംഎസ്എംഇകൾക്ക് യുപിഐ മുഖേന ഈട് രഹിത ഡിജിറ്റൽ വായ്പ ലഭ്യമാക്കുന്ന ഗ്രോ എക്സ് ആപ്പ് അവതരിപ്പിച്ചു. ഇന്ത്യയിലുടനീളമുള്ള ചെറുകിട ബിസിനസ് ഉടമകൾ, ചില്ലറ വ്യാപാരികൾ, പ്രൊഫഷണലുകൾ, ചെറുകിട ഉൽപ്പാദകർ എന്നിവർക്ക് അടിയന്തര പ്രവർത്തന മൂലധന ആവശ്യങ്ങൾക്കോ പണലഭ്യത കൈകാര്യം ചെയ്യുന്നതിനോ ആവശ്യമായ വായ്പ ഈടില്ലാതെ ഉടനടി ലഭ്യമാക്കുന്ന പ്ലാറ്റ്ഫോമാണിതെന്ന് യു ഗ്രോ ക്യാപിറ്റൽ ചീഫ് റെവന്യു ഓഫീസർ അമിത് മാണ്ടെ പറഞ്ഞു.വായ്പ ലഭ്യമാക്കുന്നതിനു പുറമെ തിരിച്ചടവുകളും ഗ്രോ എക്സ് ആപ്പിൽ സൗകര്യമുണ്ട്. ദിവസാടിസ്ഥാനത്തിലാണ് പലിശ നിരക്ക് ഈടാക്കുന്നത്. ഇത് എംഎസ്എംഇകൾക്ക് ഏറെ സഹായകരമാണ്. പൂർണമായും ഡിജിറ്റലായ ഈ സേവനം ഇന്ത്യയിലുടനീളമുള്ള എല്ലാ സംരംഭകർക്കും ലഭ്യമാണ്.ഗ്രോ എക്സിലൂടെ എംഎസ്എംഇകൾക്ക് ആവശ്യമായ താങ്ങാവുന്ന ഹ്രസ്വകാല വായ്പകൾ ഉടനടി ലഭ്യമാക്കുന്നതിന് ഞങ്ങളുടെ ഡേറ്റ അനലിറ്റിക്സ് വൈദഗ്ധ്യവും സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തുന്നു. യുപിഐ മുഖേന ഈ വായ്പകൾ സ്വീകരിക്കാനും തിരിച്ചടയ്ക്കാനും ഫണ്ട് ഉപയോഗിക്കുന്ന സമയത്തേക്കു മാത്രമുള്ള പലിശ നൽകാനും കഴിയുമെന്നും അമിത് മാണ്ടെ പറഞ്ഞു.ഗ്രോ എക്സ് വഴി അടുത്ത മൂന്ന് വർഷത്തിനകം 10 ലക്ഷത്തിലേറെ എംഎസ്എംഇ ഉപഭോക്താക്കളിലേക്ക് ഈ സേവനം എത്തിക്കാനാണ് യു ഗ്രോ പദ്ധതി. എംഎസ്എംഇ മേഖലയിലെ വായ്പാ ദൗർലഭ്യതയ്ക്ക് വലിയൊരു പരിഹാരമായാണ് യു ഗ്രോ പുതിയ സേവനം അവതരിപ്പിച്ചിരിക്കുന്നത്. 2025ഓടെ 20,000 കോടി രൂപയുടെ ആസ്തിയും എംഎസ്എംഇ വായ്പാ വിതരണ രംഗത്ത് ഒരു ശതമാനം വിപണി വിഹിതവുമാണ് യു ഗ്രോ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

# 'അടി'യിലെ 'തോനെ മോഹങ്ങൾ' ;ഗാനം റിലീസായി




**കൊച്ചി:** ദുൽഖർ സൽമാന്റെ വേഫേറർ ഫിലിംസ് നിർമ്മിച്ച് ഷൈൻ ടോം ചാക്കോ, അഹാന കൃഷ്ണാ, ധ്രുവൻ എന്നിവർ പ്രധാന കഥാപാത്രങ്ങളിലെത്തുന്ന ചിത്രമായ 'അടി' ഏപ്രിൽ 14ന് വിഷു റിലീസായി തിയേറ്ററുകളിലേക്കെത്തുകയാണ്. ചിത്രത്തിലെ 'തോനെ മോഹങ്ങൾ' എന്ന വീഡിയോ സോങ് ഇപ്പോൾ പുറത്തിറങ്ങിയിരിക്കുകയാണ്. ഷർഫുവിന്റെ വരികൾക്ക് ഗോവിന്ദ് വസന്ത ഈണമിട്ടിരിക്കുന്ന ഗാനം ആലപിച്ചിരിക്കുന്നത് ഹനിയ നഫീസയും ഗോവിന്ദ് വസന്തയും ചേർന്നാണ്. പ്രശോഭ് വിജയനാണ് ചിത്രത്തിന്റെ സംവിധാനം. രതീഷ് രവിയുടേതാണ് തിരക്കഥ. നിർമ്മാണം : ദുൽഖർ സൽമാൻ, ജോം വർഗീസ്, സംഗീത സംവിധാനം : ഗോവിന്ദ് വസന്ത, ഛായാഗ്രഹണം : ഫായിസ് സിദ്ധിഖ്. സുഡാനി ഫ്രം നൈജീരിയ ഫെയിം നൗഫലാണ് എഡിറ്റിംഗും സ്റ്റെഫി സേവ്യർ വസ്ത്രാലങ്കാരവും ആർട്ട് സുഭാഷ് കരുണും രഞ്ജിത് ആർ മേക്കപ്പും നിർവഹിച്ചിരിക്കുന്നു. ആർട്ട് : സുബാഷ് കരുൺ, ചീഫ് അസ്സോസിയേറ്റ് : സുനിൽ കര്യാട്ടുകര, ലിറിക്സ് : അൻവർ അലി, ഷറഫു, പ്രൊജക്റ്റ് ഡിസൈനർ : ഹാരിസ് ദേശം, പ്രൊഡക്ഷൻ കൺട്രോളർ: റിന്നി ദിവാകർ, അസ്സോസിയേറ്റ് ഡയറക്ടർ :സിഫാസ് അഷ്റഫ്, സേതുനാഥ് പദ്മകുമാർ, സുമേഷ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് : വിനോഷ് കൈമൾ,വി.എഫ്.എക്സ് ആൻഡ് ടൈറ്റിൽ : സഞ്ജു ടോം ജോർജ്, സ്റ്റിൽസ് : റിഷാദ് മുഹമ്മദ് ,ഡിസൈൻ : ഓൾഡ് മങ്ക്സ്. ചിത്രത്തിന്റെ ഗാനം ട്രെൻഡിങ്ങിൽ രണ്ടാം സ്ഥാനത്തുമാണ് അടിയിലെ തോനെ മോഹങ്ങൾ എന്ന ഗാനം. പി ആർ ഓ : പ്രതീഷ് ശേഖർ.

Song Link : https://youtu.be/04Crwi03JTg

# ലോക ആരോഗ്യദിനം: ഇടപ്പള്ളി സ്റ്റേഷനിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്

- കൊച്ചി മെട്രോ വനിതാ യാത്രക്കാർക്ക് സൗജന്യ ഇസിജി പരിശോധന
- ആസ്റ്റർ മെഡ്സിറ്റിയുമായി ചേർന്നാണ് ക്യാംപ്

**കൊച്ചി:** ലോക ആരോഗ്യദിനത്തോട് അനുബന്ധിച്ചു കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും ആസ്റ്റർ മെഡ്സിറ്റിയും സംയുക്തമായി വനിതകൾക്ക് സൗജന്യ ഹൃദയരോഗ നിർണയ ക്യാമ്പ് നടത്തുന്നു. ഈ മാസം 11 ന് ഇടപ്പള്ളി മെട്രോ സ്റ്റേഷനിൽ രാവിലെ 10 മുതൽ ഉച്ചക്ക് 1 മണി വരെ നടത്തുന്ന ക്യാമ്പിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 വനിതകൾക്കാണ് പ്രവേശനം. സൗജന്യ ഇസിജി പരിശോധന, കാർഡിയോളജി കൺസൽറ്റേഷൻ എന്നിവ ഉണ്ടായിരിക്കും. മെഡിക്കൽ ക്യാംപിലേക്ക് രജിസ്റ്റർ ചെയ്യുന്നതിനായി 8111998077 നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# വ്യവസായ സംരംഭകർക്ക് മാർഗ നിർദ്ദേശവുമായി വ്യവസായ വകുപ്പിന്റെ പാനൽ ചർച്ച




**കൊച്ചി:** വ്യവസായ സംരംഭകർക്ക് മാർഗ നിർദ്ദേശവുമായി വ്യവസായ വകുപ്പിന്റെ പാനൽ ചർച്ച.എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയോടനുബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' എന്ന വിഷയത്തിൽ പാനൽ ചർച്ച നടന്നത്.കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന്റെ ഭാഗമായി സംരംഭകന് കാലതാമസമില്ലാതെ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അവബോധം നൽകുന്നതിന്റെ ഭാഗമായിട്ടായിരുന്നു ചർച്ച സംഘടിപ്പിച്ചത്. ചടങ്ങിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ് അധ്യക്ഷത വഹിച്ചു. വർമ ആന്റ് വർമ അസോസിയേറ്റ്സ് സീനിയർ പാർട്ട്ണർ വിവേക് കൃഷ്ണ ഗോവിന്ദ് പാനൽ ചർച്ചയ്ക്ക് നേതൃത്വം നൽകി.കേരളത്തിൽ ചെറുകിട സൂഷ്മ സംരംഭങ്ങൾക്ക് ഏറെ സാധ്യതയാണുള്ളതെന്നും വ്യവസായം തുടങ്ങുന്നതിന് തടസം നിന്ന നിയമങ്ങൾ ഭേദഗതി ചെയ്ത് മേഖലയെ വളർച്ചയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്നും പാനലിസ്റ്റുകൾ വിലയിരുത്തി. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമ്പത്തിക രംഗത്ത് പുരോഗതി ഉണ്ടാക്കിയതിനൊപ്പം തൊഴിൽ അവസരങ്ങളും വർദ്ധിപ്പിച്ചു. സംരംഭക സൗഹൃദ നിലപാടാണ് കേരള സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതെന്നും ചർച്ചയിൽ അഭിപ്രായം ഉയർന്നു.എറണാകുളം ജില്ല ജി.എസ്.ടി. വിഭാഗം ജോയിന്റ് കമ്മീഷണർ വി.ജി.രഘുനാഥൻ,

ലീഗൽ മെട്രോളജി വകുപ്പ് ഡെപ്യൂട്ടി കൺട്രോളർ ഇ. വിനോദ് കുമാർ, അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ ഗിരീഷ്, കെ.എസ്.ഐ.ഡി.സി. അസിസ്റ്റന്റ് ജനറൽ മാനേജർ വർഗ്ഗീസ് മാളക്കാരൻ, ഡെപ്യൂട്ടി ടൗൺ പ്ലാനർ മഞ്ചു ജോൺ, ഫുഡ് സേഫ്റ്റി ഓഫീസർ ഷൺമുഖൻ,മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ എഞ്ചിനീയർ പി.ബി. ശ്രീലക്ഷ്മി, കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൗഷാദ് ഷറഫുദ്ദീൻ, എം.എസ്.എം.ഇ. അസിസ്റ്റന്റ് ഡയറക്ടർ ആതിര സധു, എൽ.എസ്.ജി.ഡി. ഡെപ്യൂട്ടി ഡയറക്ടർ എ.ജെ.ജോയ്, ജില്ലാ ലേബർ ഓഫീസർ പി.ജി.വിനോദ് കുമാർ, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ രാജേന്ദ്രൻ, കെ.എസ്.എസ്.ഐ.എ. ജനറൽ സെക്രട്ടറി പി.ജെ.ജോസ്, ആലങ്ങാട് ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ റാണി നിക്സൺ, എറണാകുളം കെ.എസ്.എസ്.ഐ.എ. പ്രസിഡന്റ് എം.എ. അലി, ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാരായ ആർ.രമ, ആർ.സംഗീത തുടങ്ങിയവർ പാനൽ ചർച്ചയിൽ പങ്കെടുത്തു.

# പ്രവേശന പരീക്ഷകൾ മെയ് എട്ടിന് തുടങ്ങും

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മുഖ്യക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും 2023–2024 അദ്ധ്യയന വർഷത്തെ എം.എ., എം. എസ്സി., എം. എസ്. ഡബ്ല്യു., എം. എഫ്. എ., എം. പി. ഇ. എസ്., പി. ജി. ഡിപ്ലോമപ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി ഏപ്രിൽ 20ആയിരിക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. പ്രവേശന പരീക്ഷകൾ മെയ് എട്ട്, ഒൻപത്, പതിനഞ്ച്, പതിനാറ് തീയതികളിൽ സർവ്വകലാശാലയുടെ മുഖ്യക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലുമായി നടക്കും. പ്രവേശന പരീക്ഷക്കുള്ള ഹാൾടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യേണ്ട അവസാന തീയതി ഏപ്രിൽ 28. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്ക് എം. എ./എം. എസ്സി./എം. എസ്. ഡബ്ല്യു. കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കാം. അവസാന വർഷ പരീക്ഷ എഴുതുന്നവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഓൺലൈനായി അപേക്ഷിക്കണം. പ്രവേശന പരീക്ഷ ഫീസ് ഓൺലൈനായി അടയ്ക്കാവുന്നതാണ്. ഒരു അപേക്ഷകന് മൂന്ന് പ്രോഗ്രാമുകൾക്ക് വരെ അപേക്ഷിക്കാം. ഒന്നിൽ കൂടുതൽ പി. ജി പ്രോഗ്രാമുകൾക്ക് അപേക്ഷിക്കുന്നവർ ഓരോ പി. ജി. പ്രോഗ്രാമിനും പ്രത്യേകം പ്രവേശന പരീക്ഷ ഫീസ് അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്കും ഓൺലൈനിൽ അപേക്ഷിക്കുന്നതിനുമായി www.ssus.ac.ശി സന്ദർശിക്കുക.

# സൂപ്പർ കപ്പ്: ഫ്രാങ്ക് ദോവൻ ബ്ലാസ്റ്റേഴ്സ് പരിശീലകൻ



**കൊച്ചി:**ഇവാൻ വുകുമനോവിച്ചിന് ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ 10 മൽസരത്തിൽ വിലക്കേർപ്പെടുത്തിയ സാഹചര്യത്തിൽ വരാൻ പോകുന്ന സൂപ്പർകപ്പ് ചാംപ്യൻഷിപ്പിൽ ഫ്രാങ്ക് ദോവൻ കേരള ബ്ലാസ്റ്റേഴ്സിന്റെ തന്ത്രങ്ങൾക്കും പരിശീലനത്തിനും ചുക്കാൻ പിടിക്കും.നിലവിൽ ബെൽജിയം മുൻ ഫുട്ബോൾ താരമായ ഫ്രാങ്ക് ദോവൻ നിലവിൽ ബ്ലാസ്റ്റേഴ്സിന്റെ സഹപരിശീലകനാണ്.1991 ൽ ബെൽജിയം ദേശീയ ടീമിലംഗമായിരുന്ന ഫ്രാങ്ക് ദോവൻ

ബെൽജിയം ക്ലബ്ബ് ബീർസ്കോട്ടിൽ ആയിരുന്നു മുമ്പ് പ്രവർത്തിച്ചിരുന്നത്.ഐ.എസ്.എൽ പ്ലേ ഓഫ് മലൽസരത്തിൽ ബംഗളുരു എഫ്.സിക്കെതിരെ നടന്ന മൽസരം പൂർത്തിയാക്കാതെ ബ്ലാസ്റ്റേഴ്സ് ടീമിനെ കളത്തിൽ നിന്നും പിൻവലിച്ചതിനെതിരെയാണ് എ.ഐ.എഫ്.എഫ് കേരള ബ്ളാസ്റ്റേഴ്സിന് നാലു കോടി രൂപ പിഴയും മുഖ്യപരിശീലകൻ ഇവാൻ വുകുമനോവിച്ചിന് അഞ്ചു ലക്ഷം രൂപ പിഴയും 10 മൽസരങ്ങൾ വിലക്കും ഏർപ്പെടുത്തിയിരുന്നത്.10 മൽസരങ്ങളിൽ ടീമിന്റെ ഡ്രെസിംഗ് റൂമിലോ സൈഡ് ബെഞ്ചിലോ പോലും സാന്നിധ്യം പാടില്ലെന്നാണ് എ.ഐ.എഫ്.എഫ് നിർദ്ദേശിച്ചിരിക്കുന്നത്.ഇതേ തുടർന്നാണ് ഫ്രാങ്ക് ദോവന് ക്ലബ്ബ് മാനേജ്മെന്റ് ടീമിന്റെ പരിശീലന ചുമതല നൽകിയിരിക്കുന്നത്.




 Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com